# യൂണിറ്റ് - I

# - കാലിലാലോലം ചിലമ്പുമായ് -

-ചെറുതായില്ല ചെറുപ്പം...!
- മുരിഞ്ഞപ്പേരീം ചോറും
- ആർട്ട് അറ്റാക്ക്.

**പ്രവർത്തനങ്ങൾ**

- ആമുഖ പ്രഭാഷണം
- വിലയിരുത്തൽ കുറിപ്പ്
- കഥാപാത്ര നിരൂപണം

## ആമുഖ പ്രഭാഷണം തയ്യാറാക്കുക

"കേരളത്തിന്റെ യശസ്സ് ലോകം മുഴുവൻ എത്തിച്ച മഹത്തായ കലാരൂപമാണ് കഥകളി. കേരളത്തിലെ ഏറ്റവും ജനപ്രിയമായ കലാരൂപവും കഥകളിയാണ്."

-അധ്യാപകൻ പ്രസ്താവിക്കുന്നു.

-കുട്ടികളോട് പ്രതികരിക്കാൻ ആവശ്യപ്പെടുന്നു.

അനുകൂലവും പ്രതികൂലവുമായ വാദഗതികൾ

ഉന്നയിക്കുന്നു. പ്രധാനാശയങ്ങൾ (BB)

ലോകത്തിന്റെ ആദരം മുഴുവൻ ഏറ്റുവാങ്ങിയ ശ്രേഷ്ഠകലാരൂപമായ കഥകളിക്ക് കേരളത്തിൽ വേണ്ടത്ര പ്രചാരം ലഭിക്കാത്തതെന്തുകൊണ്ട്?

ചോദ്യമുന്നയിക്കുന്നു. ചർച്ച.

പ്രധാനാശയങ്ങൾ BB യിൽ കുറിക്കുന്നു.

- ❖ കഥകളി ആസ്വദിക്കാൻ ശാസ്ത്രീയമായ ജ്ഞാനം വേണം.
- ❖ വേഷം, അഭിനയരീതികൾ, മുദ്രകൾ, സംഗീതം എന്നിവ സംബന്ധിച്ച ശാസ്ത്രീയ ജ്ഞാനമില്ല.
- ❖ കഥകളിയുടെ സാഹിത്യമായ ആട്ടക്കഥകളിൽ കൂടുതലും സംസ്കൃത പ്രധാനമായ ഭാഷയിലാണ്.
- ❖ വാചികാഭിനയമില്ല എന്നതും സാമാന്യജനത്തിന്റെ താൽപര്യം കുറയുന്നതിന് കാരണമാണ്.

തുടർന്ന് കഥകളിയിലെ വേഷങ്ങൾ, അഭിനയരീതികൾ, സംഗീതം, സാഹിത്യം എന്നിവയോരോന്നിന്റെയും പ്രത്യേകതകൾ പ്രത്യേകം പ്രത്യേകം ചോദ്യങ്ങളുന്നയിച്ച് ചർച്ച ചെയ്യുന്നു.

ക്രോഡീകരണം

- വേഷങ്ങൾ
- അഭിനയരീതികൾ
- സംഗീതം
- സാഹിത്യം

ചെറുതായില്ല ചെറുപ്പം എന്ന ഭാഗത്തെ കഥ ചുരുക്കിപ്പറയാൻ ആവശ്യപ്പെടുന്നു.

- രണ്ടോ മൂന്നോ കുട്ടികൾ കഥ പറയുന്നു.

## മൂല്യനിർണയപ്രവർത്തനം

കഥകളിയെ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെ കേരളകലാമണ്ഡലത്തിലെ കലാകാരന്മാർ നിങ്ങളുടെ വിദ്യാലയത്തിൽ 'ചെറുതായില്ല ചെറുപ്പം' എന്ന ഭാഗം അവതരിപ്പിക്കുകയാണ്. അവതരണത്തിനു മുൻപായി കഥകളി എന്ന കലാരൂപത്തിന്റെ സവിശേഷതകൾ, കേരളകലാമണ്ഡലം, പാഠഭാഗത്തെ കഥ എന്നി സദസ്സിന് പരിചയപ്പെടുത്തുന്നതിന് ആവശ്യമായ ആമുഖ പ്രഭാഷണം തയ്യാറാക്കുക.

(വ്യക്തിഗതം) (6)

പരസ്പരം കൈമാറി മെച്ചപ്പെടുത്തുന്നു.
സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു.

- കഥകളിയുടെ സവിശേഷതകൾ അവതരിപ്പിച്ചിട്ടുണ്ട്. 2
- കഥാസൂചന നൽകിയിട്ടുണ്ട് 2
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 1
- പ്രഭാഷണത്തിന്റെ ഘടന/ഭാഷ 1

## തുടർ പ്രവർത്തനം

ക്ലാസ്സിക് കലകളായ കഥകളി, ചാക്യാർകൂത്ത് എന്നിവയോടുള്ള പുതിയ തലമുറയുടെ മനോഭാവത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ നിലപാടുകൾ സമർത്ഥിച്ച് കുറിപ്പ് തയ്യാറാക്കുക.

## വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക

ചലദളിഝങ്കാരം ചെവികളിലംഗാരം
കോകിലകൂജിതങ്ങൾ കൊടിയ കർണശൂലങ്ങൾ
കുസുമസൗരഭം നാസാകുഹരസരസ്സൈരിഭ-
മതിദുഃഖകാരണമിന്നാരാമസഞ്ചരണം.

അധ്യാപിക വരികൾ ബോർഡിലെഴുതുന്നു.

ഈ വരികളിലെ ആശയമെന്ത്?
കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.
അവതരിപ്പിക്കുന്നു.

തുടർന്ന് ചുവടെയുള്ള ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു. ചർച്ച ചെയ്യുന്നു.

- ഉദ്യാനത്തിന്റെ ഭംഗിയും ദമയന്തിയുടെ മാനസികാവസ്ഥയും വ്യക്തമാക്കാൻ ഈ വരികൾക്ക് കഴിയുന്നുണ്ടോ?
- ആഹ്ലാദകാരിയായ ഉദ്യാന ദൃശ്യങ്ങളും ശബ്ദങ്ങളും ദമയന്തിക്ക് അതീവ ദുഃഖകരമായി അനുഭവപ്പെടുന്നതെന്തുകൊണ്ടാവും?
- ദമയന്തിയുടെ മാനസികാവസ്ഥ വെളിപ്പെടുത്താൻ കവി ഉപയോഗിച്ച പദങ്ങൾ ഏതെല്ലാം?
- അവയുടെ സവിശേഷതകൾ എന്തെല്ലാം?
- പരസ്പരം ചേരാത്ത ഈ പദങ്ങളെ ഇപ്രകാരം ചേർത്തുപറയുന്നത് എന്തിന്?

**പൊതുചർച്ച - ക്രോഡീകരണം.**

- ഉണ്ണായിവാരിയരുടെ വർണനാസവിശേഷതകൾ വ്യക്തമാക്കുന്ന രീതിയിൽ ക്രോഡീകരിക്കണം.

നളനിൽ അനുരക്തയായ ദമയന്തിയുടെ പ്രണയവിവശത ആവിഷ്കരിക്കുകയാണ് കവി. പ്രണയ വിവശയായ ദമയന്തിയുടെ മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെടുന്നു. ഒരിടത്തും ഇരിപ്പുറക്കാത്ത സ്ഥിതിയിലാവുന്നു. മാനശ്ചാഞ്ചല്യം അനുഭവപ്പെടുന്നു. മുമ്പ് ആനന്ദദായകമായിരുന്ന ഉദ്യാനഭംഗി ഇപ്പോഴത്തെ പ്രത്യേക മാനസിക സ്ഥിതിയിൽ അതികഠിനവും അസഹനീയവുമായ ദുഃഖത്തിനിടയാക്കുന്നു. ഝങ്കാരം-അംഗാരം, കോകിലകൂജിതം-കൊടിയകർണശൂലങ്ങൾ, സൗരഭം-സൈരിഭം എന്നീ പ്രയോഗങ്ങളുടെ ശബ്ദഭംഗി വ്യക്തമാക്കണം. സാമാന്യമായി പരസ്പരം ചേരാത്തവയാണ്-ദമയന്തിയുടെ പ്രത്യേക മാനസികാവസ്ഥയിൽ മാത്രമാണ് ഈ പ്രയോഗങ്ങൾ ഇണങ്ങുന്നത്. ഉദ്യാനവർണനയ്ക്കൊപ്പം കഥാപാത്രത്തിന്റെ മാനസികാവസ്ഥയും സൂക്ഷ്മമായി ആവിഷ്കരിക്കുന്നു. -

തുടർന്ന് ചുവടെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ 4/5 പേർ ഗ്രൂപ്പിൽ ഓരോന്നു വീതം നൽകുന്നു.

ഗ്രൂപ്പ്
1. സഖിമാരേ... സദുപായമിതു നല്ലൂ
2. മിന്നൽക്കൊടിയിറങ്ങി.... പീയൂഷധരികയോ?
3. തൊട്ടേനെ ഞാൻ കൈ ...... ആരും വേണ്ട
4. യൗവ്വനം വന്നുദിച്ചിട്ടും ..... തവനിനയ്ക്കുമ്പോൾ
5. നളനഗരേ വാഴുന്നൂ.... ഇതുകളിയല്ലേ!

ഓരോ ഗ്രൂപ്പും അവർക്കു ലഭിച്ച വരികളിലെ കഥാപാത്ര ചിത്രീകരണത്തിന്റെയും വർണനയുടെയും സവിശേഷതകൾ കണ്ടെത്തി കുറിക്കുന്നു.

ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.
മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.

ഓരോ സന്ദർഭത്തിലെയും കഥാപാത്രത്തിന്റെ മാനസികാവസ്ഥ എത്രമാത്രം സൂക്ഷ്മമായി ആവിഷ്കരിച്ചിട്ടുണ്ട്, പ്രയോഗങ്ങളുടെ ഭംഗി, ഔചിത്യം എന്നിവ വ്യക്തമാക്കുന്ന രീതിയിൽ ക്രോഡീകരിക്കണം.

**മൂല്യനിർണ്ണയ പ്രവർത്തനം**

ദമയന്തി എന്ന കഥാപാത്രത്തിന്റെ മാനസികഭാവങ്ങളെ അതിസൂക്ഷ്മമായി ആവിഷ്കരിക്കുവാൻ ഉണ്ണായിവാരിയർക്കു കഴിഞ്ഞിട്ടുണ്ട്. 'ചെറുതായില്ല ചെറുപ്പം' എന്ന ഭാഗത്തെ അടിസ്ഥാനമാക്കി പ്രസ്താവനയുടെ സാധുത വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- വ്യക്തിഗത രചന
- കൈമാറി വായിച്ച് മെച്ചപ്പെടുത്തൽ
- സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തൽ
- മെച്ചപ്പെട്ടവയുടെ അവതരണം-ചർച്ച.
- സ്വന്തം രചനയുടെ മികവും പ്രശ്നങ്ങളും തിരിച്ചറിയുന്നു.

**സൂചകങ്ങൾ**

| | |
|---|---|
| ● പ്രസ്താവനയുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്. | 1 |
| ● പാഠഭാഗത്തുനിന്നും തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. | 2 |
| ● സ്വന്തം നിരീക്ഷണം യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട് | 1 |

**തുടർപ്രവർത്തനം**

- സ്വാഭിപ്രായക്കുറിപ്പ് മെച്ചപ്പെടുത്തിയെഴുതുക

**-വിശകലനക്കുറിപ്പ്-**

'വ്യക്തമായ ദിശാബോധമുണ്ട് വിദൂഷകന്റെ ദൂഷണത്തിന്. വിദൂഷകന്റെ പരിഹാസം തന്റെ ദോഷം ഇല്ലാതാക്കാൻ പ്രേക്ഷകനെ പ്രേരിപ്പിക്കും:-
'മുരിഞ്ഞപ്പേരീം ചോറും' എന്ന പാഠഭാഗത്തുനിന്നും തെളിവുകൾ ഉദാഹരിച്ചുകൊണ്ട് പ്രസ്താവനയോട് പ്രതികരിക്കുവാൻ അവസരം നൽകുന്നു.

പ്രതികരണങ്ങൾ (B.B യിൽ) ക്രോഡീകരിക്കുന്നു.

- ദാരിദ്ര്യ ദുഃഖമനുഭവിക്കുന്നവരെ മാറ്റ്യാൻ എന്നു പരിഹസിക്കുന്നു.
- കാര്യമറിയാതെ എടുത്തു ചാടുന്നവർ അബദ്ധങ്ങളിൽ പെടുന്നു.
- പൊങ്ങച്ചം പറച്ചിൽ- രാജാവിനെ ഭംഗ്യായിട്ടൊന്നനുഗ്രഹിച്ചു.
- രാജസേവകൻമാരുടെ ജനങ്ങളെ കൂസാതെയുള്ള മൂളിച്ചുപോക്ക്.
- ഗൃഹച്ഛിദ്രത്തെക്കുറിച്ചുള്ള സൂചന.
- കയ്യേറ്റക്കാർക്കാണല്ലോ ഇന്ന് സ്ഥാനം.
- മുരിഞ്ഞപ്പേരിയുടെ കയ്യേറ്റകഥ
- രാജകൊട്ടാരങ്ങളിലെ സുഖലോലുപമായ ജീവിതം,
- പ്രജകളുടെ ജീവിതത്തിലെ ദാരിദ്ര്യം.
- അധർമത്തിലൂടെ സ്വത്തും പണവും നേടുന്നവരെ ബഹുമാനിക്കുന്ന സമൂഹത്തിന്റെ തെറ്റായ സമീപനം.
- 
- 

കണ്ടെത്തിയ സന്ദർഭങ്ങളിലെ ഹാസ്യത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുവാൻ നിർദ്ദേശിക്കുന്നു.

4/5 പേർ ഗ്രൂപ്പിൽ

ഒന്നോ രണ്ടോ ഗ്രൂപ്പുകൾ ഹാസ്യത്തിന്റെ സവിശേഷതകൾ അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു.

- സാന്ദർഭികവും നിർദ്ദോഷവുമായ ഹാസ്യം.
- കാര്യസാധ്യത്തിനുവേണ്ടി ബോധപൂർവ്വം പ്രയോഗിക്കുന്ന ഹാസ്യം.
- ആക്ഷേപഹാസ്യത്തിന്റെ ശരപ്രയോഗം.
- സാമൂഹിക വിമർശനം.
- ആത്മപരിഹാസം.

ഓരോ സന്ദർഭത്തിലെയും ഹാസ്യത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്ന രീതിയിൽ ക്രോഡീകരിക്കണം.

-വിദൂഷകന്റെ ഫലിത പരിഹാസങ്ങൾ ഇക്കാലത്ത് എത്രത്തോളം പ്രസക്തമാണ്?-
ചോദ്യമുന്നയിക്കുന്നു
കുട്ടികൾ പ്രതികരിക്കുന്നു.
ക്രോഡീകരിക്കുന്നു.

ഭൂമിക്കും, ഭാഷയ്ക്കും
രാജ്യങ്ങൾക്കും,
മനുഷ്യാവകാശങ്ങൾക്കും മേലുള്ള
കയ്യേറ്റങ്ങൾ

## വ്യക്തിഗത പ്രവർത്തനം

- മുരിഞ്ഞപ്പേരീം ചോറും എന്ന ഭാഗത്തെ വിശകലനം ചെയ്ത് ചാക്യാർ നിർവ ഹിക്കുന്ന സാമൂഹിക ദൗത്യത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.-
- കുറിപ്പുകൾ പരസ്പരം വായിച്ച് വിലയിരുത്തുന്നു മെച്ചപ്പെടുത്തുന്നു. വിലയിരുത്തൽ സൂചകങ്ങൾ ചർച്ചയിലൂടെ രൂപീകരിക്കുന്നു.

**സൂചകങ്ങൾ**

- സാമൂഹിക ദൗത്യം തിരിച്ചറിഞ്ഞിട്ടുണ്ട്.
- പാഠഭാഗത്തുനിന്ന് തെളിവുകൾ ഉദാഹരിച്ചിട്ടുണ്ട്.
- യുക്തിപൂർവ്വം ബന്ധിപ്പിച്ചിട്ടുണ്ട്.
- മൗലികമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

- പരസ്പരം കൈമാറി വിലയിരുത്തുന്നു.
- മികച്ച ഒന്നോ രണ്ടോ എണ്ണം അവതരിപ്പിക്കുന്നു.
- മികവിന്റെ കാരണങ്ങൾ ചർച്ച

## ഗൃഹപാഠം

'വിദൂഷകക്കൂത്തിലെ ചിരിയും ചിന്തയും' ലഘൂപന്യാസം തയ്യാറാക്കുക.

## കഥാപാത്ര നിരൂപണം

"എനിക്ക് വിശ്വാസമില്ലാത്ത ഒരു വാക്കുപോലും ഇന്നുവരെ ഞാൻ എഴുതിയിട്ടില്ല. ഒരു സന്ദർഭത്തിനും വശപ്പെട്ട് ഒന്നും എഴുതിയിട്ടില്ല. മൂല്യങ്ങൾക്കും ആശയങ്ങൾക്കും വേണ്ടി നില കൊള്ളുന്നവർക്ക് അങ്ങനെയാകാനേ കഴിയൂ-

***-കുൽദീപ് നയ്യാർ-***

പ്രശസ്ത പത്രപ്രവർത്തകനായ കുൽദീപ് നയ്യാരുടെ വാചകങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

'ആർട്ട് അറ്റാക്കി'ലെ ശിവരാമൻ എന്ന ആർട്ട് ക്രിട്ടിക്കിന്റെ കാഴ്ചപ്പാടുകൾ കുൽദീപ് നയ്യാരുടെ വാക്കുകളുമായി പൊരുത്തപ്പെടുന്നതാണോ?

കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തുക.

കുട്ടികൾ പ്രതികരിക്കുന്നു.

കഥയിൽ നിന്നും പ്രസക്തമായ തെളിവുകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

B.B യിൽ രേഖപ്പെടുത്തുന്നു.

- അയാൾക്ക് കളവു പറയുന്നതിനെക്കുറിച്ച് ആലോചിക്കാൻ തന്നെ വയ്യ
- നാഷണൽ ടൈംസിൽ ജോലി ചെയ്ത മൂന്ന് പതിറ്റാണ്ടുകാലം മനസ്സാക്ഷിക്കെതിരായി ഒരിക്കലും ഒരു വരിപോലും എഴുതിയിട്ടില്ല.
- "അച്ഛനെന്താ ഫോറിനിൽ പോകാത്തത്"?
- എന്നെപ്പോലെ ഒരാൾ ഫാഷൻ ഷോ കവർ ചെയ്യാനോ?

ഈ സന്ദർഭങ്ങളിൽ തെളിയുന്ന ശിവരാമന്റെ ജീവിത കാഴ്ചപ്പാട്, സ്വഭാവസവിശേഷതകൾ എന്തെല്ലാം?

പൊതുചർച്ച - ക്രോഡീകരണം

- ☞ തൊഴിലിനോടുള്ള കൂറ്, സത്യസന്ധത
- ☞ ആദർശങ്ങളോടുള്ള പ്രതിബദ്ധത
- ☞ മനസ്സാക്ഷിക്കെതിരായി ഒന്നും ചെയ്യില്ല
- ☞ അധാർമികമായി ഒന്നും നേടാൻ ശ്രമിക്കില്ല
- ☞ കലയെ വിൽപനച്ചരക്കാക്കുന്നതിനോട് യോജിപ്പില്ല.

- മൂല്യങ്ങളും ആദർശങ്ങളും ഉൾക്കൊണ്ടു ജീവിച്ച ശിവരാമന്റെ ജീവിതം ഒരു പരാജയമാണോ?
- ജീവിതവിജയം എന്നതിന്റെ അർഥമെന്താണ്?
- ഗിരിരാജ്, രവിഭൂഷൺ എന്നിവരുടെ നിലപാടുകളെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?
- ശിവരാമനെപ്പോലും അതിശയിപ്പിക്കുന്ന വിധത്തിൽ ഗിരിരാജും മറ്റും ജീവിതത്തിൽ കുതിച്ചു മുന്നേറുന്നതെങ്ങനെയാവും?

- ചോദ്യങ്ങൾ ഓരോന്നും ഉന്നയിച്ച് പൊതു ചർച്ച ക്രോഡീകരണം.

'ആർട്ട് അറ്റാക്കി'ലെ ശിവരാമൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ വ്യക്തമാക്കുന്ന ഒരു കഥാപാത്രനിരൂപണം തയ്യാറാക്കുക.

വ്യക്തിഗതമായി നിരൂപണങ്ങൾ തയ്യാറാക്കുന്നു.
വിലയിരുത്തുന്നു - മെച്ചപ്പെടുത്തുന്നു

**വിലയിരുത്തൽ സൂചകങ്ങൾ**

- ശിവരാമൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
- വിമർശനാത്മകമായി വിലയിരുത്തിയിട്ടുണ്ട്.
- മറ്റു കഥാപാത്രങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ട്.
- ആശയങ്ങൾ ക്രോഡീകരിച്ച് അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.

## കൂടുതൽ മൂല്യനിർണ പ്രവർത്തനങ്ങൾ

1. ഇതു കലാമണ്ഡലം, ഇതുകേരളീയം-ഈ വരികളുടെ പൊരുൾ വ്യക്തമാക്കുക (2)

2. "ജഗൽപതിയും രതിപതിയും

   തവകൊതിയുള്ളൊരു പതി വരുമേ" -

   ദമയന്തിയുടെ മനസ്സ് തൊട്ടറിഞ്ഞുകൊണ്ടാണ് ഹംസം സംസാരിക്കുന്നത് - വരികൾ വിശകലനം ചെയ്തു വ്യക്തമാക്കുക (2)

3. മദലുളിതം മൃദുലളിതം

   ഗുണമിളിതം - ഇതുകളിയല്ലേ!

   ഈ വരികളിലെ ശബ്ദഭംഗി കണ്ടെത്തി എഴുതുക (2)

4. അതുകാരണമായിരിക്കണം മുരിഞ്ഞപ്പേരിക്ക് കുറച്ചൊരു മേനി കൂടിയുണ്ടായിട്ടുണ്ട്.

   ഉണ്ണിയുടെ പൂമേനി കണ്ട് പൂതത്തിന് കൗതുകമായി

   - അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർഥ വ്യത്യാസം കണ്ടെത്തി എഴുതുക?

5. 'നന്ന്യല്ല എന്റെ രസികത്തം ഇഷ്ടപ്പെട്ടിട്ടോ എന്തോ, അദ്ദേഹത്തിന്റെ സേവകന്മാരിലൊരാളായി എന്നെ നിയമിച്ചു.

   -വരികളിലെ പരിഹാസമെന്ത്? - ഇതിലൂടെ സാമൂഹിക വിമർശനം സാധ്യമാകുന്നുണ്ടോ? വിശദമാക്കുക?

# യൂണിറ്റ് - 2

# ഇരുചിറകുകളൊരുമയിലങ്ങനെ...

- *ഇവൾക്കു മാത്രമായ്*
- *സാഹിത്യത്തിലെ സ്ത്രീ*
- *യാത്രാമൊഴി*

**പ്രവർത്തനങ്ങൾ**

ഔചിത്യ ഭംഗി
സ്വാഭിപ്രായക്കുറിപ്പ്
താരതമ്യക്കുറിപ്പ്
എഡിറ്റോറിയൽ

## ഔചിത്യ ഭംഗി

'എത്ര തെളിഞ്ഞാലും എണ്ണവറ്റാത്തൊരു
ചിത്രവിളക്കാണു ഭാര്യ'

- ചലച്ചിത്രഗാനത്തിലെ ഈ വരികൾ ബോർഡിൽ എഴുതുന്നു
  ആശയം വ്യക്തിഗതമായി കുറിക്കാൻ ആവശ്യപ്പെടുന്നു.
  വായനയിൽ കുട്ടികൾ പറഞ്ഞ ആശയങ്ങൾ B.Bയിൽ
  രേഖപ്പെടുത്തുന്നു.

മറ്റുള്ളവർക്ക് പ്രകാശം നൽകാൻ സ്വയമെരിഞ്ഞു കൊണ്ടിരിക്കുന്ന
സ്ത്രീയവസ്ഥ
വറ്റാത്ത സ്നേഹത്തിന്റെ ഉറവിടം

'ഇവൾക്കുമാത്രമായ്' എന്ന കവിതയിൽ നിന്ന് സമാനമായ
ആശയം വരുന്ന വരികൾ കണ്ടെത്തുന്നു.
കണ്ടെത്തിയവ അവതരിപ്പിക്കുന്നു.
ആശയവും പ്രയോഗത്തിന്റെ ഭംഗിയും വ്യക്തമാകുന്നു.

-'ഹൃത്തിൻ വിളക്കുമാടത്തിലൊരു കെടാത്തിരി' -

ഇതു പോലെ കവി സ്ത്രീജന്മത്തിനു നൽകുന്ന കൂടുതൽ വിശേഷണങ്ങളും സ്ത്രീ ജീവിതാവസ്ഥ ആവിഷ്കരിക്കുന്ന പ്രയോഗങ്ങളും കണ്ടെത്താൻ ആവശ്യപ്പെടുന്നു. കണ്ടെത്തിയവ B.Bയിൽ കുറിക്കുന്നു.

- ✱ കടലോളം കണ്ണീർ കുടിച്ചവൾ
- ✱ ചിങ്ങവെയിലിലൊളി പോലെ ചിരിപ്പവൾ
- ✱ ഉള്ളിൽ കൊടുംതീയാളീടും ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ
- ✱ പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ, തുണയ്ക്കു
  കൈ കോർത്തുനടക്കാൻ.
- ✱ ഹൃത്തിൻ വിളക്കു മാടത്തിലൊരു കെടാത്തിരി

പ്രയോഗങ്ങൾ ഓരോന്നും വിശദമായി ചർച്ച ചെയ്യുന്നതിന് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- പ്രയോഗങ്ങളിൽ തെളിയുന്ന സ്ത്രീയവസ്ഥകൾ എന്തൊക്കെയാണ്.?
- സ്ത്രീജീവിതത്തിലെ അനുഭവങ്ങളും സ്ത്രീയുടെ സ്വഭാവസവിശേഷതകളും അനുവാചകരിലേക്ക് എത്തിക്കാൻ പ്രയോഗങ്ങൾക്കു കഴിയുന്നുണ്ടോ?
- ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ വികാരതീവ്രമായ ഒരനുഭവമാക്കാൻ കവിക്കു കഴിയുന്നുണ്ടോ?

  കുട്ടികൾ പ്രതികരിക്കുന്നു.

  പ്രധാനാശയങ്ങൾ ക്രോഡീകരിക്കുന്നു.

| |
|---|
| പ്രയോഗങ്ങളിൽ തെളിയുന്ന വിവിധ സ്ത്രീയവസ്ഥകളിലും വർത്തമാനകാല സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളിലും നേരിട്ടു കൊണ്ടിരിക്കുന്ന ദുരന്തങ്ങളിലും ഊന്നിയായിരിക്കണം ക്രോഡീകരണം. |

'ഇവൾക്കു മാത്രമായ് , കടലോളം കണ്ണീർ
കുടിച്ചവൾ, ചിങ്ങവെയിലൊളി പോലെ
ചിരിപ്പവൾ, ഉള്ളിൽ കൊടും തീയാളിയിട്ടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ .'

വരികൾ നൽകുന്നു.

സ്ത്രീജീവിതാവസ്ഥകളെ വികാര തീവ്രമായ ഒരനുഭവമാക്കാൻ കവി തെരഞ്ഞെടുത്ത പ്രയോഗങ്ങൾ എത്രമാത്രം ഉചിതമാണ്? തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് പ്രയോഗങ്ങളുടെ ഔചിത്യഭംഗി വിശദീകരിക്കുക.

വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പുകൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കൈമാറി വിലയിരുത്തുന്നു.

മികച്ചവ കണ്ടെത്തുന്നു, പോരായ്മകൾ പരിശോധിച്ച് മെച്ചപ്പെടുത്തുന്നു.

**സൂചകങ്ങൾ**

- ☐ പ്രയോഗങ്ങളിലെ സ്ത്രീയവസ്ഥകൾ കണ്ടെത്തിയിട്ടുണ്ട്.
- ☐ പ്രയോഗങ്ങളുടെ അർഥതലങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തിട്ടുണ്ട്.
- ☐ സ്വന്തം അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ☐ സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.

## – സ്വാഭിപ്രായക്കുറിപ്പ് –

'എത്രയോ ദശാബ്ദങ്ങളായി രാമന്റെ കർമത്തെ നൂറുശതമാനവും സാധൂകരിക്കുന്ന സീതയെ ഒട്ടൊക്കെ രാമനീതിയെ വിമർശിക്കുന്ന സീതയാക്കി മാറ്റുവാൻ ആശാൻ ധൈര്യപ്പെട്ടു.'

'വെറും ത്യാഗിനിയുടെ പാരമ്പര്യത്തിൽ നിന്ന് സീതയെ അഭിമാനമുള്ള സ്ത്രീത്വത്തിന്റെ പാരമ്പര്യത്തിലേക്കുയർത്തിയപ്പോൾ പഴമയുടെ വക്കാലത്തു പിടിച്ചുകൊണ്ടിരുന്നവർ ആശാനെ കോടതിയിൽ കയറ്റി
വിസ്തരിക്കണം എന്നായി' – ജോസഫ് മുണ്ടശ്ശേരി–

പ്രസ്താവനകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
മുണ്ടശ്ശേരിയുടെ ഈ പ്രസ്താവനകളെ സാധൂകരിക്കുന്ന തെളിവുകൾ 'യാത്രാമൊഴി' എന്ന പാഠഭാഗത്തുനിന്ന് കണ്ടെത്താൻ കഴിയുമോ?
ചോദ്യം ഉന്നയിച്ച് ചർച്ച.
കുട്ടികൾ പാഠഭാഗം പരിശോധിച്ച് പ്രസ്താവനയെ സാധൂകരിക്കുന്ന വരികൾ കണ്ടെത്തുന്നു
ആശയം ചർച്ച ചെയ്യുന്നു.
പ്രധാന ആശയങ്ങൾ ബോർഡിൽ കുറിക്കുന്നു.

- സീത പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളോടും യാത്രപറയുന്നു.
- മമതാ ബന്ധങ്ങളൊന്നുമില്ലാത്ത തനിക്ക് യാതൊരു മനക്ലേശവും കൂടാതെ ഈ ലൗകിക ജീവിതത്തോട് വിടപറയാം എന്നു സീത ചിന്തിക്കുന്നു.
- തനിക്ക് സന്തോഷം നൽകിയതും പ്രിയപ്പെട്ടതുമായ എല്ലാ കാര്യങ്ങളോടും ദൃഢചിത്തയായി സീത യാത്രപറയുന്നു.
- രാമനുമുമ്പെ മോക്ഷപദം പ്രാപിക്കും എന്ന സീതയുടെ ചിന്ത
- പുരുഷാധിപത്യത്തിന്റെ ബന്ധനങ്ങളിൽ നിന്ന് സ്വയം മോചിതയാവുന്ന സ്ത്രീയുടെ ചിത്രമാണ് യാത്രാമൊഴിയിലെ സീതയിൽ തെളിയുന്നത്.

തുടർന്ന് പാഠഭാഗത്തിലെ

'പ്രിയ രാഘവ! വന്ദനം ഭവാ–
ന്നുയരുന്നു ഭുജശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നു പോയിടാം
സ്വയമദ്യോവിലൊരാശ്രയം വിനാ'.

എന്ന ഭാഗം വായിക്കാൻ ആവശ്യപ്പെടുന്നു.

ആശയ വിശകലനത്തിനായി ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- സീതയുടെ സംബോധനയുടെ പ്രത്യേകത എന്ത്?
- 'ആശ്രയം വിനാ' എന്ന പ്രയോഗത്തിന്റെ സൂചന എന്താണ്?
- ഭുജശാഖ എന്നു പ്രയോഗിച്ചത് എന്തുകൊണ്ടാവാം?
- ഭയമറ്റു പറന്നുപോയിടാം- എന്ന പ്രയോഗത്തിന്റെ അർഥ സാധ്യതകൾ എന്തൊക്കെ?

പ്രതികരണങ്ങൾ B.Bയിൽ രേഖപ്പെടുത്തുന്നു.

- രാമനെ പേരുവിളിച്ച് സംബോധന ചെയ്യുന്നു. (രാഘവ, അജപൗത്ര)
- ഭർത്താവിന്റെ പേര് ഉച്ചരിക്കാൻ സ്ത്രീകൾ ധൈര്യപ്പെടാതിരുന്ന ഒരു കാലഘട്ടം - (ആര്യ പുത്രൻ, അങ്ങ്, കുഞ്ഞിന്റെ അച്ഛൻ തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.)
- സ്വാതന്ത്ര്യ ചിന്തയുടെയും അനുഭവത്തിന്റെയും കരുത്തിൽ തനിക്കുമാത്രം പ്രാപ്യമായ ഒരു ലോകത്ത് രാമനേക്കാൾ മുമ്പെ എത്താൻ കഴിയുമെന്ന പ്രതീക്ഷ.
- പുരുഷന്റെ സംരക്ഷണയില്ലാതെ ഉയരാൻ കഴിയും എന്ന ചിന്ത.

വിശകലനത്തിന്റെ അടിസ്ഥാനത്തിൽ 'ത്യാഗിനിയുടെ പാരമ്പര്യത്തിൽ നിന്നുയർന്ന് സ്വതന്ത്ര വ്യക്തിത്വമുള്ളവളായി മാറാൻ ആഗ്രഹിക്കുന്ന സ്ത്രീയെയാണോ സീതയിലൂടെ കുമാരനാശാൻ അവതരിപ്പിക്കുന്നത് എന്നത് യുക്തിപൂർവം പരിശോധിച്ച് സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുന്നു.

വ്യക്തിഗത രചന

പൊതു അവതരണം

സൂചകങ്ങൾ വികസിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ മികച്ചവ കണ്ടെത്തുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ

- കവിതാഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്
- മുണ്ടശ്ശേരിയുടെ പ്രസ്താവനയുമായി താരതമ്യം ചെയ്ത് വിശകലനം നടത്തിയിട്ടുണ്ട്.
- സ്വാതന്ത്ര്യം പ്രാപിക്കാനുള്ള സീതയുടെ മാനസികനില സൂക്ഷ്മമായി വിലയിരുത്തിയിട്ടുണ്ട്
- സ്വന്തം അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട്.

## താരതമ്യക്കുറിപ്പ്

മിക്ക കഥകളിലും കഷ്ടപ്പാടനുഭവിക്കുവാൻ സ്ത്രീയാണ്. കുടുംബ ജീവിതത്തിലെയും, സാമൂഹ്യ ജീവിതത്തിലെയും നടപടിപ്പിഴകളുടെ പ്രത്യാഘാതങ്ങൾ ചെന്നടിക്കുന്നത് സ്ത്രീയുടെ തലയ്ക്കാണ്. പുരുഷ പക്ഷത്തിലുണ്ടാകുന്ന ദുർവൃത്തികളുടെയും ദുഷ്പ്രവണതകളുടെയും എല്ലാം ഫലം അനുഭവിക്കേണ്ടത് സ്ത്രീയാണ്. - ജോസഫ് മുണ്ടശ്ശേരി.

പ്രസ്താവനയുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

- നൽകിയ നിരീക്ഷണങ്ങളിലെ ആശയം എന്ത്?
- ത്യാഗിനികളായി അവതരിക്കപ്പെട്ട സുപ്രസിദ്ധ സ്ത്രീകഥാപാത്രങ്ങൾ ആരല്ലാം?
- അവരെ ത്യാഗിനികളായി വാഴ്ത്തുന്നത് എന്തുകൊണ്ട്?
- ആശാൻ സീതയെ ത്യാഗിനിയുടെ പാരമ്പര്യത്തിൽനിന്ന് അഭിമാനമുള്ള സ്ത്രീത്വത്തിന്റെ പാരമ്പര്യത്തിലേക്കുയർത്തി എന്നു പറയുന്നതിന്റെ പൊരുളെന്ത്

സാഹിത്യത്തിലെ സ്ത്രീയവസ്ഥകളെ തിരിച്ചറിയുന്നതിനുതകുന്ന ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

**പൊതു ചർച്ച - ക്രോഡീകരണം.**

[സാഹിത്യത്തിലെയും സമൂഹത്തിലെയും സ്ത്രീയവസ്ഥകളുടെ വ്യത്യാസം ആശാന്റെ നായികമാരുടെ സവിശേഷതകൾ എന്നിവ തിരിച്ചറിയുന്ന രീതിയിൽ ക്രോഡീകരിക്കണം.]

മുണ്ടശ്ശേരിയുടെ നിരീക്ഷണത്തിന്റെ പശ്ചാതലത്തിൽ 'ആർട്ട് അറ്റാക്ക്' 'കടലിന്റെ വക്കത്ത് ഒരു വീട്' എന്നീ കഥകളിലെ സ്ത്രീയവസ്ഥകളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(വ്യക്തിഗത പ്രവർത്തനം)

കുറിപ്പുകൾ 4/5 പേർ ഗ്രൂപ്പിൽ കൈമാറുന്നു.

രണ്ട് കഥകളിലെയും സ്ത്രീയവസ്ഥകളെ പട്ടികപ്പെടുത്തുന്നു.

ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. - കൂട്ടിച്ചേർക്കുന്നു.

ബോർഡിൽ ക്രോഡീകരിക്കുന്നു.

| ആർട്ട് അറ്റാക്ക് | കടലിന്റെ വക്കത്ത് ഒരു വീട് |
|---|---|
| **ലക്ഷ്മി**<br>● വിദ്യാസമ്പന്നയായ അവർക്ക് ഒന്നുമാകാൻ കഴിയാതെ പോയതിൽ നിരാശയുണ്ട്.<br>● ജീവിതത്തെകുറിച്ച് ശുഭപ്രതീക്ഷകൾ ഒന്നുമില്ല.<br>● ഭർത്താവിൽ നിന്ന് സ്നേഹവും പരിഗണനയും ലഭിക്കുന്നുണ്ട്.<br>● പ്രാരാബ്ധങ്ങൾ മറ്റുള്ളവരെ അറിയിക്കാതിരിക്കാൻ ശ്രമിക്കുന്നു.<br>● വിധിയെ പഴിച്ച് ജീവിക്കുന്നു.<br>● ശിവരാമന്റെ ദുർവൃത്തികളുടെ ഫലമല്ല ലക്ഷ്മിയുടെ ദുരിത ജീവിതം.<br>● സാധാരണ കുടുംബിനികളെപ്പോലെ എല്ലാം സഹിച്ച് ജീവിക്കുന്നു.<br>● രോഗിണിയാണ്<br>●<br>● | **അറുമുഖത്തിന്റെ ഭാര്യ**<br>● ഭർത്താവിന്റെദുർവൃത്തികളെക്കുറിച്ച് അമർഷം.<br>● ദുരിതങ്ങൾക്കു കാരണമായ ഭർത്താവിനെ കുറ്റപ്പെടുത്തുന്നു.<br>● സ്നേഹവും പരിഗണനയും ലഭിക്കാത്തതിൽ അമർഷവും ദേഷ്യവുമുണ്ട്.<br>● യുവാവിന് ഏക സമ്പാദ്യമായ പുതപ്പ് സമ്മാനമായി നൽകുന്നു. സ്വയം തീരുമാനമെടുക്കാനും നടപ്പിലാക്കാനും കഴിയുന്നു.<br>● കഥാരംഭത്തിൽ ഒരു പ്രതീക്ഷയും പ്രകടിപ്പിക്കുന്നില്ല. കഥാന്ത്യത്തിൽ ജീവിതത്തെക്കുറിച്ച് ഒരു പുതിയ പ്രതീക്ഷവിടരുന്നുണ്ട്.<br>● തന്റെ കഴിവുകളും വികാരങ്ങളും പരിഗണിക്കപ്പെടുമ്പോൾ സന്തോഷവും സമാധാനവും അനുഭവിക്കുന്നു.<br>● |

രണ്ടുകഥകളിലെയും സ്ത്രീയവസ്ഥകളിലെ വ്യത്യാസങ്ങൾക്ക് കാരണമെന്താവാം?

- ചർച്ച ചെയ്യുന്നു.
- കഥയുടെ പ്രമേയം എന്ത്?
- പ്രധാന കഥാപാത്രം ആര്?

കഥാകൃത്തിന്റെ സമീപനം എന്ത്?

ക്രോഡീകരണം

നടത്തിയ ചർച്ചയിൽ നിന്ന് ലഭിച്ച ആശയങ്ങൾകൂടി ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ കുറിപ്പുകൾ മെച്ചപ്പെടുത്തി മാറ്റിയെഴുതുന്നു.
സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി മികച്ചവ കണ്ടെത്തുന്നു.

**സൂചകങ്ങൾ**

- മുണ്ടശ്ശേരിയുടെ പ്രസ്താവനയുടെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട് -1
- സാഹിത്യത്തിലെ സ്ത്രീയവസ്ഥകളെക്കുറിച്ച് ധാരണ നേടിയിട്ടുണ്ട്. -2
- കഥകളിലെ സ്ത്രീകഥാപാത്രങ്ങളുടെ അവസ്ഥകൾ തിരിച്ചറിഞ്ഞ് താരതമ്യം നടത്തിയിട്ടുണ്ട്. -2
- ആശയങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. -1

**എഡിറ്റോറിയൽ**

- ഇവൾ ദൈവത്തിനും മുകളിൽ സ്നേഹത്തെ ഇരുത്തിപ്പൂജിപ്പോൾ, ഇവൾ കാലത്തിന്റെ കരങ്ങളിൽ മാത്രം സമാശ്വസിക്കുവോൾ

***-സുഗതകുമാരി-***

- മാനവ സംസ്കാരത്തിന്റെ മേഖലയിൽ വന്നു വീണിട്ടുള്ള എല്ലാ ജനസമുദായങ്ങൾക്കുമിടയിൽ കുടുംബം തൊട്ടു രാഷ്ട്രം വരെയുള്ള എല്ലാ സംഘടിത സ്ഥാപനങ്ങളിലും പുരുഷന്റെ കോയ്മയാണ്. നിലനിന്നിട്ടുള്ളത്.

***- മുണ്ടശ്ശേരി-***

വരികൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
വിശകലന ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.
കുട്ടികൾ പ്രതികരിക്കുന്നു.
പ്രധാനാശയങ്ങൾ B.Bയിൽ കുറിക്കുന്നു.

- ദൈവത്തിനും മുകളിൽ സ്നേഹത്തെ ഇരുത്തിപ്പൂജിക്കുന്നവളാണ് സ്ത്രീ എന്ന പ്രയോഗത്തിന്റെ പൊരുളെന്ത്?
- 'കാലത്തിന്റെ കരം' എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
- സ്നേഹകാരുണ്യങ്ങളുടെ മൂർത്തിമദ്ഭാവം എന്ന് സ്ത്രീകളെ വാഴ്ത്തുന്നതാര്? എന്തിന്?
- മുണ്ടശ്ശേരിയുടെ നിരീക്ഷണത്തിന്റെ പൊരുളെന്ത്?
- മുണ്ടശ്ശേരിയും സുഗതകുമാരിയും ചൂണ്ടിക്കാട്ടുന്ന അതേ സ്ഥിതിയാണോ ഇന്നും നമ്മുടെ നാട്ടിൽ സ്ത്രീക്കുള്ളത്?
- ഇന്ന് സ്ത്രീയുടെ സാമൂഹികപദവി പഴയ കാലത്തേതിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിട്ടുണ്ട്?
- പുരുഷന്റെ കോയ്മയെ അതിജീവിക്കാൻ സ്ത്രീകൾക്ക് കഴിയുന്നുണ്ടോ?

സമൂഹത്തിൽ സ്ത്രീ-പുരുഷ സമത്വം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം എന്ത്?

ക്രോഡീകരണം

കവിതാഭാഗത്തിലെ സ്ത്രീയവസ്ഥയും
മുണ്ടശ്ശേരിയുടെ നിരീക്ഷണത്തിന്റെ പൊരുളും
സമകാലിക സമൂഹത്തിലെ സ്ത്രീയവസ്ഥകളെക്കുറിച്ചുള്ള തിരിച്ചറിവും,
സ്ത്രീ-പുരുഷ സമതത്തിന്റെ പ്രാധാന്യവും പ്രസക്തിയും
ബോധ്യപ്പെടുത്തുന്ന രീതിയിൽ
ക്രോഡീകരിക്കണം.

ചർച്ചകളുടെ വെളിച്ചത്തിൽ 'വർത്തമാനകാല കേരളത്തിലെ സ്ത്രീപദവിയെക്കുറിച്ച്' ഒരു എഡിറ്റോറിയൽ തയ്യാറാക്കുക

വ്യക്തിഗത രചന

പരസ്പരം കൈമാറി സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു മെച്ചപ്പെടുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

- സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങളും അവയുടെ കാരണങ്ങളും കണ്ടെത്തിയിട്ടുണ്ട്.
- ചർച്ചകളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.
- സ്വന്തം നിലപാടുകൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്.
- ആശയക്രമീകരണം/ഭാഷ

# യൂണിറ്റ് -3
# അശാന്തിപർവങ്ങൾക്കപ്പുറം

- ഗാന്ധാരീവിലാപം
- പട്ടാളക്കാരൻ
- അർജ്ജുനവിഷാദയോഗം

## യൂണിറ്റ് – 3
## അശാന്തിപർവ്വങ്ങൾക്കപ്പുറം

കാവ്യഭംഗി കണ്ടെത്തുക

> “ഒന്നിച്ചാനമ്രമെയ്യോടെ നില്പു
> കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ
> നൽപ്പുലർകാലപാടല വാനിൽ
> ശുഭ്രമേഘപരമ്പരപോലെ!
> – കന്നിക്കൊയ്ത്ത്

- കവിതയിലെ വരികൾ ശ്രദ്ധിച്ചില്ലോ ? കന്നിപ്പാടത്ത് നിൽക്കുന്ന കൊയ്ത്തുകാരെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?
- ഇത്തരം സാദൃശ്യകല്പനകൾ കവിതകളിൽ സാധാരണമാണല്ലോ ? ഇത് കവിതയുടെ സൗന്ദര്യത്തിന് എങ്ങനെയാണ് മാറ്റുകൂട്ടുന്നത് ?
- ‘ഗാന്ധാരീവിലാപം’ എന്ന പാഠഭാഗത്ത് നിന്ന് ഇത്തരത്തിലുള്ള സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തുക
- ചില ഉദാഹരണങ്ങൾ അധ്യാപിക പരിചയപ്പെടുത്തുന്നു.

1. “നല്ല മരതകക്കല്ലിനോടൊത്തൊരു
കല്ല്യാണരൂപൻ കുമാരൻ മനോഹരൻ”

ശേഷം ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു

- ആരെക്കുറിച്ചാണ് ഈ വരികൾ ?
- അഭിമന്യുവിനെ ഇങ്ങനെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് ? (ആവശ്യമെങ്കിൽ ചെറിയ വിശദീകരണം നൽകാം)

2. “നീലമലപോലെ കർണ്ണൻ പ്രയോഗിച്ച വേലും തറച്ചവൻ കാലൻപുരിപുക്കാൻ”

- ‘നീലമലപോലെ’ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?
- ഘടോൽക്കചനെ അങ്ങനെ വിശേഷിപ്പിക്കാനുള്ള കാരണമെന്ത് ? (ആവശ്യമെങ്കിൽ ചെറിയ വിശദീകരണം നൽകാം)
- ഈ രണ്ട് സാദൃശ്യകൽപനകൾ കാവ്യഭംഗി വർദ്ധിപ്പിക്കുന്നുണ്ടോ ? കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക

അധ്യാപികയോട് :

പ്രയോഗിക്കുന്ന കല്പനകളുടെ സാംഗത്യം കുട്ടികളെ പരിചയപ്പെടുത്തുക. സന്ദർഭത്തിനും ഭാവത്തിനും അനുസൃതമായി ഭാഷാപ്രയോഗത്തിൽ വരുന്ന മാറ്റങ്ങളും ശ്രദ്ധയിൽപ്പെടുത്തുക

**മൂല്യനിർണ്ണയ സൂചകങ്ങൾ**

| | |
|---|---|
| തന്നിരിക്കുന്ന ഭാഗത്തിന്റെ ആശയം ഗ്രഹിച്ചിട്ടുണ്ട് | സ്കോർ 1 |
| പ്രയോഗ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് | സ്കോർ 2 |
| ഉചിതമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട് | സ്കോർ 1 |

## വിശകലനക്കുറിപ്പ്

"എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തരുളുന്നതു കാൺക നീ
അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതുനിൻമാനസേ ?"

– ശ്രീ മഹാഭാരതം കിളിപ്പാട്ട് (എഴുത്തച്ഛൻ)

"ഒരു ദിവസം സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മൂന്ന് വലിയ ഇരുമ്പ് പെട്ടികൾ ഏറ്റുവാങ്ങാനുള്ള നോട്ടീസ് കിട്ടി. അതു നിറയെ ഉയർന്ന തരം പട്ടാള ഉദ്യോഗസ്ഥന്റ ഉടുപ്പുകളായിരുന്നു. ഒരു പെട്ടിയിൽ അവൾ അയാളുടെ കഴുത്തിലിട്ട വിവാഹമാല്യം ഉണ്ടായിരുന്നു. അത് ഉണങ്ങിക്കരിഞ്ഞുപോയി. നാണി അകാരണമായി നടുങ്ങി."

–പട്ടാളക്കാരൻ (തകഴി ശിവശങ്കരപ്പിള്ള)

"ദുശ്ശള, നൂറ്റവരുടെ ഏകസഹോദരി. അവളുടെ കൈയിൽ ഒരു പിഞ്ചു കുട്ടിയുമുണ്ട് – അവളുടെ പേരക്കുട്ടി, സുരഥന്റെ സീമന്തപുത്രൻ. അർജ്ജുനൻ വില്ലുവെച്ചു ദൈന്യത്താൽ തലകുനിച്ച് സഹോദരിയോട് എന്തുവേണമന്ന് ചോദിച്ചു. – അവൾ തന്റെ ആ പിഞ്ചു പൈതലിന് – മുത്തച്ഛനും അച്ഛനും മരിച്ചുപോയ ആ അനാഥാത്മാവിന്– അഭയം യാചിപ്പാൻ വന്നിരിക്കയാണ്."

– അർജ്ജുന വിഷാദയോഗം (കുട്ടികൃഷ്ണമാരാർ)

കുട്ടികളെ ആറു ഗ്രൂപ്പുകളായി തിരിക്കുക.
തന്നിരിക്കുന്ന മൂന്ന് പാഠഭാഗങ്ങളെ സ്ലിപ്പുകളാക്കുക. ഒരു പാഠഭാഗം രണ്ട് സ്ലിപ്പുകളിൽ എഴുതണം. കുട്ടികൾക്ക് സ്ലിപ്പ് വിതരണം ചെയ്യുക. ഒരേ പാഠഭാഗം രണ്ട് ഗ്രൂപ്പുകൾക്ക് ലഭിക്കും. ലഭിച്ച സ്ലിപ്പുകൾ പ്രകാരം പാഠഭാഗത്ത് നിന്ന് ആശയങ്ങൾ കണ്ടെത്തി കുറിക്കാനാവശ്യപ്പെടുന്നു.

തുടർന്ന് ലഘുചർച്ച (ഗ്രൂപ്പിൽ). മികച്ചതിന്റെ അവതരണം.

ക്രോഡീകരിക്കണം.

- തന്നിരിക്കുന്ന സന്ദർഭങ്ങളിൽ ദുരന്തത്തിന് ഇരയായി ജീവിക്കുന്ന രക്തസാക്ഷികളായി മാറിയതാരാണ് ?
- അവർക്ക് ഇങ്ങനെയൊരു അവസ്ഥയുണ്ടാവാൻ കാരണമെന്ത് ?
- 'യുദ്ധത്തിന്റെ ദുരന്തങ്ങളിൽ ഏറിയപങ്കും അനുഭവിക്കേണ്ടിവരുന്നത് എക്കാലത്തും സ്ത്രീകളും കുട്ടികളുമാണ്'. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായങ്ങൾ യുക്തിസഹമായി സമർത്ഥിച്ചു കൊണ്ട് കുറിപ്പ് തയ്യാറാക്കുക.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

| | |
|---|---|
| • ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട് | സ്കോർ 2 |
| • യുക്തിസഹമായുള്ള അവതരണം | സ്കോർ 2 |
| • താരതമ്യം ചെയ്തിട്ടുണ്ട് | സ്കോർ 1 |
| • ഉചിതമായ ഭാഷാപ്രയോഗം | സ്കോർ 1 |

മൂല്യനിർണ്ണയം നടത്തുകയും കുറിപ്പിന്റെ മികവുകളും പോരായ്മകളും കണ്ടെത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വേണം.

**പ്രഭാഷണം തയ്യാറാക്കുക**

ബാഗ്ദാദ്

"മണലുകരിഞ്ഞു പറക്കുന്നെന്ത്ര
ക്കാക്ക മലർന്നു പറക്കുന്നു
താഴെ ത്തൊടിയിൽ തലകീറി ചുടു-
ചോരയൊലിക്കും ബാല്യങ്ങൾ
ഇത് ബാഗ്ദാദാണമ്മ പറഞ്ഞോ-
രറബിക്കഥയിലെ ബാഗ്ദാദ്"

-മുരുകൻ കാട്ടാക്കട

'ബാഗ്ദാദ്' എന്ന കവിത ചാർട്ടിലെഴുതി പ്രദർശിപ്പിക്കുകയോ ശബ്ദരൂപം കേൾപ്പിക്കുകയോ ചെയ്യുന്നു. തുടർന്ന് കവിതയെ വിശകലനം ചെയ്യുന്നതിന് പര്യാപ്തമായ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

ഇത് 'അറബിക്കഥയിലെ ബാഗ്ദാദാ'ണെന്ന് കവി ഊന്നിപറയുന്നത് എന്തുകൊണ്ടായിരിക്കാം ?
'യന്ത്രക്കാക്ക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?
'യന്ത്രക്കാക്ക'യുടെ പറക്കലും മണലുകരിയുന്നതും തമ്മിലുള്ള ബന്ധമെന്ത് ?
ബാഗ്ദാദിലെ കുട്ടികൾക്ക് എന്താണ് സംഭവിച്ചത് ?

ക്രോഡീകരണം : 'ആയിരത്തൊന്ന് രാവുകളിൽ' സമ്പന്നതയുടെയും സൗന്ദര്യത്തിന്റെ കലകളുടെയും വിസ്മയങ്ങളുടെയും കേളീരംഗമായിരുന്ന ബാഗ്ദാദ്, ഇന്ന് ബോംബു വർഷത്തിൽ ഒരു മണൽക്കൂമ്പാരമായി മാറിയ കാഴ്ചയാണ് കവിത കാണിച്ചു തരുന്നത്.

യുദ്ധം വരുത്തിവെക്കുന്ന വിനകളെക്കുറിച്ച് ചിന്തിപ്പിക്കാൻ ഈയൊരു കവിതാഭാഗം പ്രയോജനപ്പെടുത്തുമല്ലോ ? യുദ്ധ വിരുദ്ധമനോഭാവം കുട്ടികളിൽ രൂപീകരിക്കുന്നതിന് താഴെപറയുന്ന സൂചകങ്ങൾ കൂടി പരിഗണിക്കുക.

ചർച്ച :
യുദ്ധം എന്തുകൊണ്ട് ? കാരണങ്ങൾ ?
പത്താംക്ലാസ്സിലെ സാമൂഹ്യ ശാസ്ത്രപാഠപുസ്തകത്തിലെ 1,2 ലോകമഹായുദ്ധങ്ങളെക്കുറിച്ചുള്ള യൂണിറ്റുകൾ കൂടി പ്രയോജനപ്പെടുത്തി പ്രതികരിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക.

കാരണങ്ങൾ :a) സാമ്പത്തികം
b) സാമൂഹികം
c) രാഷ്ട്രീയം
d)
e)

(കാരണങ്ങൾ ബിബി ചെയ്യുക)

- യുദ്ധം അവശേഷിപ്പിക്കുന്ന ദുരന്തങ്ങൾ എന്തൊക്കെ ?

സൂചനകൾ :

- വ്യക്തി/ കുടുംബനഷ്ടങ്ങൾ
- സമൂഹ/ രാഷ്ട്ര നഷ്ടങ്ങൾ
- സാമ്പത്തികത്തകർച്ച
- പ്രകൃതി പരിസ്ഥിതി നാശങ്ങൾ

യുദ്ധത്തിന്റെ ഇരകൾ ആരൊക്കെയാണ് ?

(രാജ്യവും ഭരണകൂടവും യുദ്ധത്തിന്റെ ഇരകളാണ് എങ്കിലും ഈ ദുരന്തത്തിന്റെ ഫലം ഏറ്റവും അധികം ഏറ്റുവാങ്ങുന്നതും അവശേഷിക്കുന്നതും സ്ത്രീകളിലും കുട്ടികളിലുമായിരിക്കും)

- യുദ്ധം എന്തെങ്കിലും പ്രശ്നം പരിഹരിക്കുന്നുണ്ടോ ?
  (സമാധാനത്തിന്റെ വഴിയാണ് അഭികാമ്യം)

മേൽകൊടുത്തിരിക്കുന്ന സൂചനകളും പാഠഭാഗത്തെ ആശയങ്ങളും പ്രയോജനപ്പെടുത്തി ഒരു യുദ്ധവിരുദ്ധ പ്രഭാഷണം തയ്യാറാക്കികൂടെ ?

ഹിരോഷിമ ദിന (ആഗസ്റ്റ് 6) ത്തോടനുബന്ധിച്ച് സ്ക്കൂളിൽ യുദ്ധവിരുദ്ധപ്രഭാഷണം നിങ്ങളാണെന്ന് സങ്കൽപിക്കുക ഇതിനുവേണ്ടിയൊരു പ്രഭാഷണം തയ്യാറാക്കുക.

- പ്രഭാഷണം തയ്യാറാക്കുമ്പോൾ വേദിയിലുള്ളവരെയും സദസ്യരെയും സംബോധന ചെയ്യാൻ മറക്കരുത്. അതുപോലെ തന്നെ പ്രഭാഷണം അവസാനിപ്പിക്കുമ്പോൾ ശ്രോതാക്കൾക്ക് നന്ദിപറയാനും മറക്കരുത്.
- പറയേണ്ട കാര്യങ്ങൾ ക്രമമായി അവതരിപ്പിക്കണം. ഇതിന് പാഠഭാഗത്തിന്റെ ആശയങ്ങൾ പരമാവധി ഉപയോഗിക്കാം.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

- ആശയം ഉൾക്കൊണ്ടിട്ടുണ്ട് — സ്കോർ 1
- യുദ്ധംകൊണ്ടുണ്ടാവുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട് — സ്കോർ 1
- വിശകലനം ചെയ്ത്, നിലപാടുകൾ, പരിഹാരങ്ങൾ എന്നിവ വ്യക്തമാക്കി — സ്കോർ 2
- പ്രഭാഷണത്തിന്റെ ഘടന(തുടക്കം, വിഷയ വികസനം, ഉപസംഹാരം)പാലിച്ചു — സ്കോർ 1
- ശക്തമായ ഭാഷ ഉപയോഗിച്ചു — സ്കോർ 1

## ആസ്വാദനക്കുറിപ്പ്

## മൺപാത്രങ്ങൾ

**ഒ.എൻ.വി.കുറുപ്പ്**

"ശൂന്യമാം രണ്ടു മൺപാത്രങ്ങളായ് നമ്മൾ
അന്യോന്യമിങ്ങനെ നോക്കിയിരിക്കുന്നു !
എത്രനാളായ് - ഈ കുശവക്കുടിയുടെ
മുറ്റത്തടുത്തടുത്തായിരിക്കുന്നു നാം !
തട്ടിയും മുട്ടിയും നമ്മളിരിക്കുന്നു;
തൊട്ടുതൊട്ടില്ലെന്ന മട്ടിലിരിക്കുന്നു;
കണ്ടുമതിവരാതെന്ന പോലിങ്ങനെ
രണ്ടു മൺപാത്രങ്ങൾ നോക്കിയിരിക്കുന്നു
നമ്മെ നിന്ദിച്ചിടാം, സ്വർണ്ണപാത്രങ്ങളിൽ
ചെമ്മുന്തിരിനീർ നുകർന്നിരുന്നീടുവോർ ;
പച്ച മനുഷ്യർക്കു വേണ്ടിപ്പടച്ചവ ;
തുച്ഛമല്ലേ വില ? - വേഗമുടഞ്ഞുപോം ......
നേരാണ് -മണ്ണിൻ വരദാനമാം തെളി
നീരിൻ വിശുദ്ധിയെ കാത്തുവച്ചീടുവാൻ
ആവുമീ നമ്മൾതൻ ക്ലാവുപിടിക്കാത്തൊ
രാത്മാവിൽ -എങ്കിലും നമ്മൾ മൺപാത്രങ്ങൾ!

നമ്മെ മെനഞ്ഞുരുവാക്കിയോർക്കും നാളെ
നമ്മളെങ്ങെത്തുമെന്നേതുമറിയില്ല!
പാത്രങ്ങളെത്രയാണപ്പുറമിപ്പുറം –
ആറ്റുനോറ്റാരെയോ കാത്തിരിക്കുന്ന പോൽ....
ആരോവരും –പാത്രമോരോന്നെടു, ത്തതും
കാതോടുചേർത്തു വിരൽമുട്ടി നിന്നിടും.
ചെത്തത്തിലുണ്ടാമതിൻ നല്പുതില്പുകൾ;
തൃപ്തിയായലതും വാങ്ങി നടന്നുപോം
കൂട്ടിത്തിലൊന്ന് പിരിഞ്ഞുപോം വേളയിൽ
വീർപ്പിട്ടു നിൽക്കുന്നു നാമൊരു ചിന്തയാൽ !
എന്നിനി നമ്മുടെയൂഴം, പിരിയുവാൻ ?
എങ്കിലാരാദ്യം വിടപറഞ്ഞീടുവാൻ ?''

**ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്**

സർഗ്ഗാത്മക ചിന്ത, നിരൂപണത്തിനും വിശകലനത്തിനുമുള്ള ശേഷി എന്നിവയൊക്കെ ഒരേ സമയം ആവശ്യപ്പെടുന്ന പ്രവർത്തനമാണ് ആസ്വാദനക്കുറിപ്പിന്റെ രചന. എല്ലാ കുട്ടികൾക്കും അവരവരുടെ നിലവാരത്തിൽ കവിത ആസ്വദിക്കാൻ കഴിയണം. അതിന് സഹായകമായ രീതിയിലായിരിക്കണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

ഒന്നിലധികം തവണ കവിതവായിക്കുകയും കേന്ദ്രാശയം കണ്ടെത്തുകയും വേണം. അപരിചിത പദങ്ങളുടെ അർത്ഥം സന്ദർഭത്തിൽ നിന്നും ഊഹിച്ച് കവിതയുടെ പ്രമേയം കുട്ടിക്ക് സ്വയം മനസ്സിലാക്കാനവസരം നൽകണം.

കവിതയിലെ ആസ്വാദനാംശങ്ങൾ, കൽപ്പനകൾ, സവിശേഷമായ പദപ്രയോഗങ്ങൾ, ബിംബങ്ങൾ, വാങ്മയ ചിത്രങ്ങൾ, താളം എന്നീ ഘടകങ്ങളിലേക്ക് കുട്ടിയുടെ ശ്രദ്ധ ക്ഷണിക്കാൻ കഴിയണം. കവിതയെ മുൻനിർത്തിയ ലഘുചോദ്യങ്ങളിലൂടെ ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണം.

'മൺപാത്രങ്ങൾ' എന്ന ഒ.എൻ.വി.കവിതയുടെ ആസ്വാദനത്തിലേക്ക് നയിക്കുന്ന ചില ചോദ്യങ്ങൾ

- ഈ കവിത ആരെക്കുറിച്ചാണ്?
- മൺപാത്രങ്ങൾ എവിടെയാണിരിക്കുന്നത് ?
- മൺപാത്രങ്ങളുടെ ഇരിപ്പിന്റെ പ്രത്യേകതയെന്ത് ?
- 'ക്ലാവു പിടിക്കാത്തൊരാത്മാവ്' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത് ?
- വാങ്മയ ചിത്രത്തിന്ന് ഉദാഹരിക്കാവുന്ന വരികൾ കണ്ടെത്തുക ?
- 'മൺപാത്രങ്ങൾ' പകർന്നു തരുന്ന ജീവിതദർശനം എന്ത് ?
- മൺപാത്രങ്ങൾ എന്ന തലക്കെട്ടിന്റെ സവിശേഷതകൾ കണ്ടെത്തി എഴുതുക ?

ആശയധാരണ ഉറപ്പിച്ചതിനു ശേഷം വ്യക്തിഗതമായുള്ള രചന. തുടർന്ന് പരസ്പരം കൈമാറി വായന, മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് അവതരിപ്പിക്കൽ എന്നിവയിലൂടെ പ്രവർത്തനം പൂർത്തീകരണം

## മൂല്യനിർണ്ണയ സൂചകങ്ങൾ

| | | |
|---|---|---|
| • | കവിതയിലെ ആശയം കണ്ടെത്തിയിട്ടുണ്ട് | സ്കോർ 2 |
| • | സാമൂഹ്യ പ്രശ്നങ്ങൾ നിരീക്ഷിച്ചിട്ടുണ്ട് | സ്കോർ 1 |
| • | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | സ്കോർ 1 |
| • | ആശയക്രമീകരണം നടത്തിയിട്ടുണ്ട് | സ്കോർ 1 |
| • | ഉചിതമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് | സ്കോർ 1 |

## അനുബന്ധചോദ്യങ്ങൾ

1. 'അർജ്ജുനവിഷാദയോഗം' എന്ന ശീർഷകം പാഠഭാഗത്തിന് എത്രമാത്രം ഉചിതമാണ് ?

2. "ലോകത്തിന്റെ വിധി ഒന്നായി കൂട്ടിക്കെട്ടപ്പെട്ടിരിക്കുന്നു ഇനിയൊരു അണുയുദ്ധം ഉണ്ടായാൽ ആരും അതിനെ അതിജീവിക്കില്ല. ഒന്നുകിൽ ഒറ്റക്കെട്ടായി ജീവിക്കാം. അല്ലെങ്കിൽ ഒറ്റക്കെട്ടായി മരിക്കാം"

– ഡോ.എസ്.രാധാകൃഷ്ണൻ

-ഡോ.എസ്.രാധാകൃഷ്ണന്റെ അഭിപ്രായവും സമകാലിക സാഹചര്യങ്ങളും പരിഗണിച്ച് ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കുക.

3. "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ"

– ഗാന്ധാരീ വിലാപം

-യുദ്ധത്തിന്റെ ആസുരതകളും ക്രൂരതകളും വ്യക്തമാക്കുന്ന സന്ദർഭങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ? എന്നാൽ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ഹിംസ നടത്തേണ്ടിവരുന്ന പട്ടാളക്കാരുടെ മനോഭാവം സങ്കൽപിച്ചുകൊണ്ട് ഒരു പട്ടാളക്കാരൻ നാട്ടിലേക്കെഴുതുന്ന കത്ത് തയ്യാറാക്കുക.

4. 'പട്ടാളക്കാരൻ' എന്ന കഥയിൽ മനുഷ്യന്റെ അസ്ഥിത്വദു:ഖം കൂടി ചർച്ചചെയ്യുന്നുണ്ട് – എന്ന ആശയം സമർത്ഥിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്തി, നിങ്ങളുടെ അഭിപ്രായങ്ങൾ യുക്തിസഹമായി സമർത്ഥിക്കുക.

# യൂണിറ്റ് 4
# കായിൻ പേരിൽ പൂ മതിക്കുവോർ

- വിണ്ട കാലടികൾ
- ഉതുപ്പാന്റെ കിണർ
- അടുത്തൂൺ
- കടലിന്റെ വക്കത്ത് ഒരു വീട്

## യൂണിറ്റ് 4
## കായിൻപേരിൽ പൂ മതിക്കുവോർ

**വിശകലനക്കുറിപ്പ്**

"നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക"

– യേശുക്രിസ്തു

"അവനവനാത്മസുഖത്തിനാചരിക്കു
ന്നവയപരന്നു സുഖത്തിനായ് വരേണം"

– ശ്രീനാരയണ ഗുരു

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

– കുമാരനാശാൻ

"ഇറുപ്പവന്നും മലർ ഗന്ധമേകും
വെട്ടുന്നവനും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാരപ്രവണം പ്രപഞ്ചം"

– ഉള്ളൂർ

ഈ വരികളിലൊരോന്നും എഴുതിയ സ്ലിപ്പുകൾ 5 പേരടങ്ങുന്ന 8 ഗ്രുപ്പുകൾക്ക് നൽകുന്നു. (2 ഗ്രൂപ്പുകൾക്ക് ഒരേ വരികൾ എന്ന തരത്തിൽ) ഓരോ ഗ്രൂപ്പും തങ്ങൾക്ക് ലഭിച്ച വരിയുടെ ആശയവും അതിന്റെ സമകാലിക പ്രസക്തിയും കണ്ടെത്തി അവതരിപ്പിക്കുന്നു.

പൊതുചർച്ച.

ക്രോഡീകരണം (ബിബി)

(ഏതെങ്കിലും വരികളുടെ ആശയം വ്യക്തതയോടെ അവതരിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ അധ്യാപിക ആവശ്യമായ ചോദ്യങ്ങളിലൂടെ ഇടപെട്ട് വ്യക്തമാക്കാൻ ശ്രമിക്കണം).

| |
|---|
| ജീവിതം ധന്യമാകുന്നത്, ഒരാളുടെ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് കൂടി പ്രയോജനം ലഭിക്കുമ്പോഴാണ്. പ്രകൃതി നൽകുന്ന സന്ദേശം അതാണ്. അത്തരത്തിൽ ജീവിച്ച മഹാത്മാക്കൾ നൽകുന്ന സന്ദേശം, അതിന്റെ സമകാലിക പ്രസക്തി എന്നിവ തിരിച്ചറിയുന്ന രീതിയിൽ ക്രോഡീകരിക്കണം. |

- നിങ്ങൾ വായിച്ച കൃതികളിൽ മെഴുകുതിരിപോലെ എരിഞ്ഞ് ലോകത്തിന് പ്രകാശം നൽകുന്ന കഥാപാത്രങ്ങൾ ഉണ്ടോ ?

- 'ഉതുപ്പാന്റെ കിണർ' എന്ന കഥയിലെ ഉതുപ്പാൻ സമൂഹത്തിനു വേണ്ടി ജീവിച്ച വ്യക്തി യാണോ? കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തി പ്രതികരിക്കുക.
(പ്രധാനാശയങ്ങൾ ബിബിയിൽ കുറിക്കുന്നു.)
- ഒരുതുണ്ട് പുരയിടം വാങ്ങി അതിലൊരു കിണർ കുത്തി.
- കിണറിന് മതിലും പാലവും കെട്ടി കപ്പി കൊളുത്തി.

- ‘ഇങ്ങോട്ടുവരുവിൻ ഇവിടെ ആശ്വസിക്കാം’  എന്ന ബോർഡ് സ്ഥാപിച്ചു.

തുടർന്ന് അധ്യാപിക ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു.

- ഉതുപ്പാന്റെ ഈ പ്രവൃത്തികളോട്, അയാൾക്ക് ചുറ്റുമുള്ളവരുടെ പ്രതികരണം എന്തായിരുന്നു?

(ബിബിയിൽ ലിസ്റ്റ് ചെയ്യുന്നു)

- ആ തെമ്മാടി വഴിയുടെ വക്കിനൊരു കിണറ് കുഴിച്ചിട്ടിരുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണേ പിള്ളാരേ
- “അവിടൊരു കുടിലുകെട്ടി പുട്ടും പഴവും വിറ്റിരുന്നെങ്കിൽ അവന്റെ ചെലവിനുള്ളത് കിട്ടിയേനെ”

- ഈ പ്രതികരണങ്ങളിൽ തെളിയുന്ന സമൂഹത്തിന്റെ മനോഭാവം എന്ത് ?
(മനോഭാവം, കുട്ടികൾ പറയുന്നത് ലിസ്റ്റ് ചെയ്യുന്നു)

ഈ കഥയിൽ ഉതുപ്പാനൊഴികെ മറ്റു കഥാപാത്രങ്ങൾക്കൊന്നും കഥാകൃത്ത് പേര് നൽകാതിരുന്നത് എന്തുകൊണ്ടാവാം ?

ചർച്ച

ക്രോഡീകരണം  (ബിബിയിൽ)

- കാരൂർ കഥകളിൽ സംഭവങ്ങൾക്കല്ല, കഥാപാത്രങ്ങൾക്കാണ് പ്രാധാന്യം
- പ്രധാനകഥാപാത്രമായ ഉതുപ്പാന്റെ ജീവിതദുരന്തമാണ് കഥയുടെ പ്രമേയം.
- കഥയിലെ സമൂഹം സ്വന്തം നേട്ടം മാത്രം ലാക്കാക്കി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിത്വം ഇല്ലാത്ത കഥാപാത്രങ്ങളാണ്.
- മുഖമില്ലാത്ത കഥാപാത്രങ്ങളാണ് മറ്റുള്ളവർ
- എവിടെയായാലും ഇത്തരക്കാരാവും കൂടുതൽ

- “സംഭവങ്ങളല്ല കഥാപാത്രങ്ങളാണല്ലോ കാരൂർ കഥകളിൽ മുഖ്യം” – അക്ബർ കക്കട്ടിൽ
അക്ബർ കക്കട്ടിലിന്റെ ഈ നിരീക്ഷണത്തിന്റെ പ്രസക്തി ‘ഉതുപ്പാന്റെ കിണർ’ എന്ന കഥയുമായി ബന്ധിപ്പിച്ച് വിലയിരുത്തുക.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

- ആശയഗ്രഹണം നടന്നിട്ടുണ്ട്. സ്കോർ 1
- ഉചിതമായ സന്ദർഭങ്ങളെ ഉദാഹരിച്ച് കൊണ്ട് സ്വാഭിപ്രായം സമർത്ഥിച്ചിട്ടുണ്ട്. സ്കോർ 2
- ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് സ്കോർ 1

**പ്രതികരണ കുറിപ്പ്**

ഉതുപ്പാന്റെ പ്രവൃത്തിയോടുള്ള സമൂഹത്തിന്റെ പ്രതികരണങ്ങളിൽ ചിലത് അധ്യാപിക ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.

- ഇവനെന്ത് പ്രാന്താണെന്ന് ചിലർ പറഞ്ഞു
- വല്ല നിധിയും കിട്ടുമെന്ന് വെച്ചാ പാവം പാടുപെടുന്നത്.
- തെമ്മാടി ! വഴിയുടെ വക്കിലൊരു കിണർ കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണേ പിള്ളാരെ!

- എന്നും നന്മ മാത്രം ചെയ്യുന്നവർക്കും നല്ലതുമാത്രം പറയുന്നവർക്കും ഇത്തരം പ്രതികരണങ്ങൾ മാത്രമായിരിക്കുമോ പാരിതോഷികങ്ങളായി കിട്ടുക

–ലഘുചർച്ച, കുട്ടികളുടെ പ്രതികരണങ്ങൾ ബിബിയിൽ എഴുതുന്നു.

- നന്മകൾ ചെയ്യുന്നവർക്ക് സമ്മാനം ലഭിക്കുന്ന കഥാന്ത്യം അവതരിപ്പിക്കുന്ന ഏതെങ്കിലും സാഹിത്യ കൃതികൾ പറയാമോ ?

ക്രോഡീകരണം – (''കടലിന്റെ വക്കത്ത് ഒരു വീട്'' എന്ന കഥയിലെ യുവാവ് ഇത്തരമൊരു കഥാപാത്രമാണോ ? )

നന്മകൾ ചെയ്യുന്നവർക്ക് കല്ലുകൾ മാത്രമല്ല ലഭിക്കുന്നത്. ചിലപ്പോഴെങ്കിലും സമ്മാനങ്ങളും ലഭിക്കാറുണ്ട് കടലിന്റെ വക്കത്ത് ഒരു വീട് എന്ന കഥയിലെ യുവാവ് ഇതിനൊരുദാഹരണമാണ്. ദയനീയമായ ജീവിത പരിതസ്ഥിതിയിലും ജീവിതത്തെക്കുറിച്ച് അയാൾ പുലർത്തുന്ന ശുഭാപ്തി വിശ്വാസം തുളുമ്പുന്ന സന്ദർഭങ്ങൾ കഥയിൽ നിന്ന് കണ്ടെത്തുക.

സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. അധ്യാപിക ബിബിയിൽ കുറിക്കുന്നു.

- ''അമ്മാ, നിങ്ങളെ കണ്ടാൽ ആരും പറയില്ല വീടില്ലാത്തവരാണെന്ന് ................. നിങ്ങൾക്ക് അയ്യാവ്ക്ക് ഭക്ഷണം വിളമ്പിക്കൊടുക്കുന്നത് കണ്ടപ്പോൾ ഞാൻ പറഞ്ഞുപോയി, ഗൃഹലക്ഷമി, നല്ല ഒന്നാന്തരം ഗൃഹലക്ഷ്മി''
- ''നിങ്ങൾക്കൊരു ധനികകുടുംബത്തിൽ ആയയുടെ ജോലി കിട്ടില്ല എന്ന് തീർച്ചയില്ലല്ലോ ''?
- ''കടലിന്റെ വക്കത്ത് പാർക്കാനും ഭാഗ്യം വേണം രാത്രിയിൽ കടലിന്റെ പാട്ടുംകേട്ട് നക്ഷത്രങ്ങളും നോക്കിക്കൊണ്ട് മലർന്ന് കിടക്കാനുള്ള ഭാഗ്യം നിങ്ങൾക്കില്ലേ'' ?

'കടുത്ത ദുരിതങ്ങൾക്കിടയിലും പ്രസാദാത്മകത നിലനിർത്തുന്ന കഥാപാത്രമാണ് കടലിന്റെ വക്കത്ത് ഒരു വീട് എന്ന കഥയിലെ യുവാവ്'

- എന്ന പ്രസ്താവനയെ സാധൂകരിക്കുന്ന വിധത്തിൽ കഥാസന്ദർഭങ്ങളെ ഉദാഹരിച്ചുകൊണ്ട് കുറിപ്പ് തയ്യാറാക്കുക.

### മൂല്യനിർണ്ണയ സൂചകങ്ങൾ

- ആശയഗ്രഹണം നടന്നിട്ടുണ്ട് — സ്കോർ 1
- ഉചിതമായ സന്ദർഭങ്ങളെ ഉദാഹരിച്ചുകൊണ്ട് സ്വാഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്. — സ്കോർ2
- ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. — സ്കോർ 1

## പ്രതികരണകുറിപ്പ്

''ആ ചെറു നഗരത്തിൽ പലേടത്തും ഉതുപ്പാനെ കാണാം''
''പട്ടണം വളർന്നു, ജനങ്ങൾ തിങ്ങി, പൗരക്ഷേമത്തെ രക്ഷിക്കുകയും വ്യക്തിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയും ചെയ്യുന്നതിൽ നഗരസഭ ജാഗരൂഗമായി''
'ഉതുപ്പാന്റെ കിണർ' എന്ന കഥയിലെ ആദ്യ വാചകമാണ് ആദ്യം നൽകിയിരിക്കുന്നത്. കഥാപുരോഗതിയിലെ ഒരു പ്രത്യേക മുഹൂർത്തമാണ് അടുത്ത വാചകം. അധ്യാപിക ചർച്ച തുടങ്ങിവെക്കുന്നു:

- ആദ്യത്തെ വാചകത്തിൽ നിന്ന് രണ്ടാമത്തെ വാചകത്തിലെത്തുമ്പോഴേക്കും പട്ടണ (നഗരം)ത്തിന്റെ അവസ്ഥയെന്താണ് ?
- നഗരസഭ എന്തുകാര്യത്തിലാണ് ജാഗരൂഗമായത് ?
- പിന്നീട് നഗരസഭ ഉതുപ്പാന്റെ കാര്യത്തിൽ എടുത്ത തീരുമാനം എന്തായിരുന്നു ?
- നഗരം വലുതായതോടെ വ്യക്തി സ്വാതന്ത്രത്തിന് നിയന്ത്രണം ഏർപ്പെടുത്തി എന്നത് സൂചിപ്പിക്കുന്നതെന്ത് ?
- ഇത്തരത്തിൽ നഗരവത്കരണം മാനുഷികമൂല്യങ്ങളെ നിരാകരിക്കുന്നുവെന്നുതോന്നുന്ന ഒരു കവിതയല്ലേ 'അടുത്തൂൺ' എന്നത് ?

ചില വരികൾ അധ്യാപിക അവതരിപ്പിക്കുന്നു.
"മുക്തകണ്ഠം ഞാനിന്നു ഘോഷിപ്പൂ നിസ്സന്ദേഹം
മുറ്റത്തെ നിലപ്പനപ്പൂവിനാറിതിളതെത്രേ".

- ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിൽ കാണേണ്ടത് പലതും കാണാതെ പോകുന്നുവെന്ന് ഈ വരികൾ ഓർമ്മിപ്പിക്കുന്നുണ്ടോ ?

- ഈ വരികൾ കവിയുടെ ഏത് മനോഭാവത്തെയാണ് കാണിക്കുന്നത്
- നഗരവത്ക്കരണത്തിന്റെ ഒരു ഇരയായിരുന്നു കവിയും എന്ന് തോന്നുന്നുണ്ടോ
- 'വിണ്ടകാലടികൾ' എന്ന കവിത ഈ ആശയം മുന്നോട്ട് വെക്കുന്നുണ്ടോ ?

"പഞ്ചനക്ഷത്രങ്ങൾ തൻ പ്രൗഢി പാറിടും 'സ്വീറ്റിൽ'
ലഞ്ചിന് ശേഷം നമ്മൾ നടുനീർത്തിടും നേരം"
എന്നവരികൾ അധ്യാപിക അവതരിപ്പിക്കുന്നു

- പി.ഭാസ്ക്കരൻ മുന്നോട്ടു വെക്കുന്ന ജീവിതസമീപനം എന്താണ് ?
- കേരളത്തിലെ സാമൂഹ്യ മാറ്റത്തിന്റെ ചില സൂചനകൾ ഈ കവിതാഭാഗത്ത് ദൃശ്യമാകുന്നുണ്ടോ ?
- ഗ്രാമങ്ങളും അതിന്റെ നന്മകളും നഗരവത്ക്കരിക്കപ്പെടുന്നതായി കരുതുന്നത് എത്രത്തോളം ശരിയാണ് ?

ചോദ്യങ്ങളിലൂടെ ലഭിച്ച ഉത്തരങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് അധ്യാപിക ക്രോഡീകരിക്കുന്നു.
"നഗരവത്ക്കരണത്തിലൂടെ മാനുഷിക മൂല്യങ്ങളെയും അതിന്റെ നന്മകളെയും തളർത്തുന്നതിന്റെ സൂചനകളാണ് ഈ രചനകളിലൂടെ ദൃശ്യമാകുന്നത്"
'നഗരവത്കരണം മാനുഷികമൂല്യങ്ങളെ നശിപ്പിക്കുന്നു' എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പാഠഭാഗങ്ങളിലെ ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്തികൊണ്ട് പ്രതികരണ ക്കുറിപ്പ് തയ്യാറാക്കുക

## യൂണിറ്റ് -4
## അനുബന്ധചോദ്യങ്ങൾ

1. 'വിണ്ടകാലടികൾ'- എന്ന ശീർഷകം പാഠഭാഗത്തിന് എത്രമാത്രം ഉചിതമാണ്. ?

2. 'ഉതുപ്പാന്റെ കിണറും നികത്തണം'- എന്ന് നഗരസഭ തീരുമാനിച്ചു. നിങ്ങളുടെ പ്രതികരണങ്ങൾ ഒരു എഡിറ്റോറിയലായി എഴുതുക

3. "ഉതുപ്പാന്റെ ദുരന്തമാണ് ഈ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്കിലും നന്മയുടെയും മനുഷ്യത്വത്തിന്റെയും പ്രകാശം ഇവിടെ വ്യാപിച്ചു കിടക്കുന്നു."

- അക്ബർ കക്കട്ടിൽ

- ഈ നിരീക്ഷണം പരിഗണിച്ചുകൊണ്ട് ഉതുപ്പാൻ എന്ന കഥാപാത്രത്തെ വിശകലനം ചെയ്യുക.

4. "ഇനി എനിക്ക് എന്നാണ് ഒരു വീട് ഉണ്ടാവുക? എന്റെ ജീവിതം നശിച്ചു"
"നമ്മുടെ ആകെയുള്ള സ്വത്തായിരുന്നു ആ പുതപ്പ് അത് നീ എന്തിന് കൊടുത്തു ?"
എന്ന ചോദ്യത്തിനുള്ള സ്ത്രീയുടെ മറുപടി :
"അയാൾ എന്നോട് സംഗീതത്തെക്കുറിച്ച് സംസാരിച്ചു." എന്നതായിരുന്നു.
- 'കടലിന്റെ വക്കത്ത് ഒരു വീട്'എന്ന കഥയിൽ വ്യത്യസ്ത സന്ദർഭങ്ങളിലെ സ്ത്രീയുടെ പ്രതികരണങ്ങൾ ശ്രദ്ധിച്ചല്ലോ ആ സ്ത്രീയുടെ ജീവിതത്തോടുള്ള മനോഭാവം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

# യൂണിറ്റ് -5

# ദേശപ്പെരുമ

- പൊന്നാനി
- തട്ടകം
- കടമ്മനിട്ട
- ഉരുളികുന്നത്തിന്റെ ലുത്തീനിയ

യൂണിറ്റ് 5

ദേശപ്പെരുമ

ലഘുപ്രബന്ധം

"ഞാൻ കേരളത്തിലൊരു നാട്ടിൻപുറത്ത് ജനിച്ചുവളർന്നതാണ് എന്റെ കവിതയുടെ ഏറ്റവും വലിയ ഭാഗ്യമെന്നു തോന്നുന്നു. അന്ന് ഇളംപ്രായത്തിൽ, ഞാൻ കണ്ട നാട്ടിൻപുറം നാൾതോറും നിറങ്ങളുടെയും നാദങ്ങളുടെയും ഗന്ധങ്ങളുടെയും നവംനവങ്ങളായ അത്ഭുതങ്ങൾ ഉദ്ഘാടനം ചെയ്യുന്ന, അമ്മയെപ്പോലെ സ്നേഹം നിറഞ്ഞ ഒരു കൊച്ചുലോകമായിരുന്നു. ഇന്നും അതിന്റെ മധുര സ്മരണകളാണ് എന്റെ കവിതയുടെ ഏറ്റവും ഈടുള്ള കൈമുതൽ"

- വൈലോപ്പിള്ളി ശ്രീധരമേനോൻ

ചാർട്ടിലെഴുതിയ വൈലോപ്പിള്ളിയുടെ വരികൾ പ്രദർശിപ്പിക്കുന്നു.
നിങ്ങൾ പഠിച്ച 'ആസ്സാംപണിക്കാർ' എന്ന കവിതയിൽ ഇതുപോലുള്ള ഒരു ഗ്രാമജീവിതം തെളിയുന്നുണ്ടോ ? 'ആസ്സാംപണിക്കാരി'ൽ നിന്നുള്ള ഗ്രാമചിത്രം കുട്ടികൾ ചർച്ചയിലൂടെ അവതരിപ്പിക്കുന്നു. അധ്യാപിക അത് ബിബി യിൽ എഴുതുന്നു.

"തുരുതുരെ കൊക്കു പറക്കും പാടങ്ങൾ
തുടരണിമണി കിലുങ്ങും മേടുകൾ
മുടി വിടുർതാടും കവുങ്ങുതെങ്ങുകൾ-
ക്കിടയ്ക്കു പുഞ്ചിരി പൊഴിക്കും വീടുകൾ"

ആസ്സാംപണിക്കാരുടെ സ്വപ്നത്തിലുള്ള ഗ്രാമത്തിന്റെ ചിത്രം കവിയുടെ തന്നെ ഗ്രാമന്തരീക്ഷമല്ലേ?

ഇതുപോലെ, സ്വന്തം ഗ്രാമത്തെക്കുറിച്ച് എഴുതിയ ഏതെങ്കിലും രചനകൾ ഇതിനുമുമ്പ് നിങ്ങൾ വായിച്ചിട്ടുണ്ടോ ?
'കടമ്മനിട്ട' എന്ന കവിതയിലൂടെ കവി സ്വന്തം ദേശത്തെ അടയാളപ്പെടുത്തുകയല്ലേ ചെയ്യുന്നത് ?

ഉദാഹരണമായി അധ്യാപിക ചില വരികൾ അവതരിപ്പിക്കുന്നു.

"നെല്ലിൻ തണ്ടുമണക്കും വഴികൾ
എള്ളിൻ നാമ്പു കുരുക്കും വയലുകൾ
എണ്ണംതെറ്റിയ ഓർമ്മകൾ വീണ്ടും
കുന്നിൻ ചരിവിൽ മാവിൻ കൊമ്പിൽ"

ഗ്രാമത്തെക്കുറിച്ച് ഓർക്കുമ്പോൾ കവിയുടെ മനസ്സിൽ തെളിയുന്നത് എന്തെല്ലാം ?

എഴുത്തുകാരന്റെ സർഗ്ഗാത്മക ജീവിതത്തെ സ്വന്തം ദേശം എപ്രകാരം സ്വാധീനിക്കുന്നു എന്നത് വൈലോപ്പിള്ളിയുടെ 'ആസ്സാംപണിക്കാർ' എന്ന കവിതയെയും കടമ്മനിട്ടയുടെ 'കടമ്മനിട്ട' എന്ന കവിതയെയും മുൻനിർത്തി ഒരു ലഘു പ്രബന്ധം തയ്യാറാക്കുക

മൂല്യനിർണ്ണയ സൂചകങ്ങൾ

| | |
|---|---|
| തന്നിരിക്കുന്ന ഭാഗങ്ങളുടെ ആശയഗ്രഹണം നടന്നിട്ടുണ്ട്. | സ്കോർ 2 |
| രണ്ട് കവിതാഭാഗങ്ങളേയും താരതമ്യം ചെയ്തിട്ടുണ്ട് | സ്കോർ 2 |
| സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചു | സ്കോർ 1 |
| ഉചിതമായ ഭാഷാപ്രയോഗം നടത്തി | സ്കോർ 1 |

## ഗദ്യഭാഷയുടെ കാവ്യാത്മകത

"ഏഴര വെളുപ്പിനെണീറ്റ് കുളിച്ച് കുറിയിട്ട് കുടുമയിൽ തെച്ചിപ്പൂ ചൂടി ഉണ്ണീരികുട്ടി പുറപ്പെടാനൊരുങ്ങി"
"നെയ്‌വിളക്കിന്റെ സുഗന്ധം പോലെ, കൈതപ്പൂമ്പൊടി പാറിയപോലെ, കരിയിലകളിൽ കാൽച്ചിലമ്പൊലി തത്തിയപ്പോലെ, കാനൽ തുളളുന്ന വെയിലിൽ വാൾത്തലപ്പുകൾ മിന്നിമറയുന്നതുപോലെ."
"നനവ് പോലെ പിന്നെ കുളിര് പോലെ, ഒരു തളിര് പോലെ അമ്മ നെഞ്ചിലുണർന്നു."

പാഠഭാഗങ്ങൾ ചാർട്ടിലെഴുതിയത് അധ്യാപിക അവതരിപ്പിക്കുന്നു.
തന്നിരിക്കുന്ന ഭാഗങ്ങൾ ഏത് കൃതിയിലേതാണ്. ?
ഈ ഗദ്യഭാഗങ്ങൾക്ക് എന്തെല്ലാം സവിശേഷതകൾ ഉള്ളതായി നിങ്ങൾക്ക് തോന്നുന്നു ?
കുട്ടികൾ പറയുന്ന കാര്യങ്ങൾ അധ്യാപിക ബിബിയിൽ ലിസ്റ്റ് ചെയ്യുന്നു.

കാവ്യാത്മകമായ ഭാഷ
ആലങ്കാരികമായ ഭാഷ
വടക്കൻപാട്ടിലെ ഭാഷയോടുലള്ള സാദൃശ്യം
അനുഷ്ഠാന ഭാഷ

സൂചനകൾ നൽകിക്കൊണ്ട് അധ്യാപിക ചർച്ചാ സൂചകത്തിലേക്ക് എത്തിക്കാൻ ശ്രമിക്കുക ആവശ്യമെങ്കിൽ വടക്കൻപാട്ടിലെ വരികൾ നൽകാം.

(കുന്നത്തുവെച്ച വിളക്കുപോലെ,
ചന്ദനക്കാതൽ കടഞ്ഞപോലെ
വയനാടൻ മഞ്ഞൾ മുറിച്ചപോലെ)

ഇത്തരത്തിലുളള ഭാഷാപ്രയോഗം കൊണ്ട് ഗദ്യത്തിന് ഏതെങ്കിലും തരത്തിലുളള മേന്മ ലഭിക്കുന്നുണ്ടോ ?
ഇത്തരമൊരു ഭാഷ ഉപയോഗിക്കാൻ കാരണമെന്തൊക്കെ ?
വടക്കൻപാട്ടുകളോട്, ഈ ഗദ്യഭാഷയ്ക്ക് ഏതെങ്കിലും തരത്തിൽ സാദൃശ്യം തോന്നുന്നുണ്ടോ ?
വടക്കൻപാട്ടുകളുടെ ഇതിവൃത്തങ്ങൾ എന്താണ് ?
ഇത്തരത്തിൽ മിത്തിന്റെ പരിവേഷമുള്ള, ഐതിഹ്യ സ്വഭാവമുള്ള ഒരു കൃതിയാണോ 'തട്ടകം' എന്ന നോവൽ ?
നോവലിന്റെ ഇതിവൃത്തം ആവശ്യപ്പെടുന്നതുകൊണ്ടാണോ ഇത്തരമൊരു ആഖ്യാനശൈലി നോവലിസ്റ്റ് സ്വീകരിച്ചത് ?

ചർച്ചയുടെ ക്രോഡീകരണം

പദ്യത്തിലെന്നപോലെ ഗദ്യത്തിലും എഴുത്തുകാരൻ ആലങ്കാരികമായ ഭാഷ സ്വീകരിക്കുന്നുണ്ട്. കോവിലന്റെ തട്ടകം, മൂപ്പിലിശ്ശേരി എന്ന ഗ്രാമത്തിന്റെ വംശസ്മൃതിയാണല്ലോ ഈ സ്മൃതികളെ ആവാഹിച്ചെടുക്കുന്നതിന് ഐതിഹ്യത്തിന്റെയും മിത്തുകളുടെയും സ്പർശമുള്ള ഒരു ഭാഷ ആവശ്യമുണ്ട്. വടക്കൻ പാട്ടുകളുടെ ഓർമ്മകളുണർത്തുന്ന തട്ടകത്തിന്റെ ഭാഷാശൈലിക്ക് ഒരു കാരണം ഇതാവാം.

ഗ്രാമീണ സംസ്കാരത്തിന്റെയും കാർഷിക സംസ്ക്കാരത്തിന്റെയും മുദ്രകൾ പേറുന്ന കാവ്യാത്മക ശൈലിയാണ് തട്ടകത്തിന്റേത്. വടക്കൻപാട്ടുകളെ ഓർമ്മിപ്പിക്കുന്ന ഈ ആഖ്യാനശൈലി സ്വീകരച്ചതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് . ഉപന്യാസം തയ്യാറാക്കുക.

### മൂല്യനിർണ്ണയ സൂചകങ്ങൾ

| | |
|---|---|
| ആശയക്രമീകരണം നടത്തിയിട്ടുണ്ട് | സ്കോർ 1 |
| സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | സ്കോർ 1 |
| ആശയങ്ങൾ പ്രയോജനപ്പെടുത്തി | സ്കോർ 1 |
| ആഖ്യാനത്തിലെ കാവ്യഭംഗി തിരിച്ചറിഞ്ഞിട്ടുണ്ട്. | സ്കോർ 2 |
| ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് | സ്കോർ 1 |

### പ്രതികരണ ക്കുറിപ്പ്

"എന്നിലെ ബുദ്ധിജീവി ദുസ്വപ്നങ്ങൾ കാണുമ്പോൾ എന്നിലെ മണ്ണുണ്ണി എനിക്ക് വേറെ ഒന്നാന്തരം ഉറപ്പുകൾ തരുന്നു. ജീവിതാന്ത്യംവരെ എന്നോടൊപ്പം നിലനിൽക്കുന്നവയായ കൃഷിക്കാരന്റെ പൊരുളുകൾ ധാരാളമായി നൽകി ഉരുളികുന്നത്തെ മണ്ണ് എന്നെ അനുഗ്രഹിച്ചു."
അധ്യാപിക ഈ വാചകങ്ങൾ ബീബിയിൽ എഴുതുന്നു.

എങ്ങനെയാണ് ഉരുളികുന്നത്തെ മണ്ണ് സക്കറിയയെ അനുഗ്രഹിച്ചത് ?
മണ്ണുണ്ണി എന്ന് സക്കറിയ സ്വയം വിശേഷിപ്പിച്ചിരിക്കുന്നു മണ്ണുണ്ണി എന്നതു കൊണ്ട് എന്താണർത്ഥമാക്കുന്നത് ?
നിങ്ങൾ, എത്തരം ആളുകളെയാണ് മണ്ണുണ്ണി എന്നു വിശേഷിപ്പിക്കുന്നത് ?
കൃഷിയോട്, മണ്ണിനോട് ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഒരാളെ മണ്ടൻ എന്നു വിളിക്കുന്നത് ശരിയാണോ ?
മണ്ണുണ്ണി എന്ന വാക്കിന്റെ അർത്ഥം ഏതൊക്കെ തരത്തിൽ വിഗ്രഹിച്ചെഴുതാം ?

വിശദീകരണമായി അധ്യാപിക ബീബിയിൽ എഴുതുന്നു

മണ്ണുണ്ണി - മണ്ണിലെ ഉണ്ണി, മണ്ണുണ്ണുന്ന ഉണ്ണി, മണ്ണിന്റെ ഉണ്ണി, .......................................

സക്കറിയ, താനൊരു 'മണ്ണുണ്ണി'യാണെന്നതിൽ അഭിമാനിക്കുന്നുണ്ടോ ?
മണ്ണിനോടും കൃഷിയോടും അധ്വാനത്തോടും വിമുഖത കാട്ടുന്ന സമൂഹത്തോടുള്ള ബോധപൂർവ്വമായ പ്രതിഷേധമല്ലേ 'മണ്ണുണ്ണി' എന്ന പ്രയോഗത്തിലൂടെ സക്കറിയ പ്രകടിപ്പിക്കുന്നത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

### മൂല്യനിർണ്ണയ സൂചകങ്ങൾ

| | |
|---|---|
| തന്നിരിക്കുന്ന ഭാഗത്തെ ആശയം ഗ്രഹിച്ചു | സ്കോർ 1 |
| വിശകലനം നടത്തിയിട്ടുണ്ട് | സ്കോർ 1 |
| സ്വന്തം നിരീക്ഷണം അവതരിപ്പിച്ചു | സ്കോർ 1 |
| ഉചിതമായ ഭാഷാപ്രയോഗം | സ്കോർ 1 |

## കുറിപ്പ് തയ്യാറാക്കുക

"അതുപോലൊരു തായമ്പക നിരീക്കാൻ പ്രയാസം
അനുജൻ അച്യുതപൊതുവാൾ തന്നെ അസാധ്യം"
- നമ്പൂതിരി

"ഉരുളികുന്നത്തെ മനുഷ്യർ എന്നെ ചിരിക്കാനും സന്തോഷിക്കാനും പഠിപ്പിച്ചു ആടയാഭരണങ്ങളില്ലാതെ ഒരു ഭാഷ എനിക്ക് തന്നു"

- സക്കറിയ

ചാർട്ടിലെഴുതിയ പാഠഭാഗങ്ങൾ അധ്യാപിക പ്രദർശിപ്പിക്കുന്നു.
'ആടയാഭരണങ്ങളില്ലാത്ത ഭാഷ' എന്ന പ്രയോഗത്തിലൂടെ സക്കറിയ എന്താണ് ഉദ്ദേശിക്കുന്നത്
ആർടിസ്റ്റ് നമ്പൂതിരിയുടെ ഭാഷയിൽ നിങ്ങൾ എന്തെല്ലാം സവിശേഷതകൾ കാണുന്നു? (പൊന്നാന്നി പാഠഭാഗവും പരിശോധിക്കുന്നു)
സവിശേഷതകൾ അധ്യാപികയുടെ സഹായത്തോടെ ബീബിയിൽ ലിസ്റ്റ് ചെയ്യുന്നു.

പ്രാദേശിക ഭാഷയുടെ സൗന്ദര്യം
ചെറുവാക്യങ്ങൾ
എഴുത്ത് അവസാനിക്കുന്നേടത്ത് വര
വര അവസാനിക്കുന്നേടത്ത് എഴുത്ത്
വരയും വാക്കും അതിരുകളില്ലാതെ അലിഞ്ഞ്ചേരുന്നു.

ആടയാഭരണങ്ങളില്ലാത്ത ഒരു ഭാഷയാണ് പൊന്നാന്നി, ആർട്ടിസ്റ്റ് നമ്പൂതിരിക്ക് സമ്മാനിച്ചതെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? ചെറുകുറിപ്പായി അഭിപ്രായം വ്യക്തമാക്കുക

### മൂല്യനിർണ്ണയ സൂചകങ്ങൾ

| | |
|---|---|
| തന്നിരിക്കുന്ന ഭാഗത്തെ ആശയം ഗ്രഹിച്ചു | സ്കോർ 1 |
| പ്രസ്താവന എത്രമാത്രം ഉചിതമെന്ന് പരിശോധിച്ചു | സ്കോർ 2 |
| ഉചിതമായ ഭാഷാപ്രയോഗം | സ്കോർ 1 |

<u>അനുബന്ധചോദ്യങ്ങൾ</u>

1. "ഉച്ചത്തണലിൽ ആലിലകളിൽനിന്നിറങ്ങിവരുന്ന കാൽച്ചിലമ്പൊലികൾ ശ്രവിച്ച് ഉണ്ണീരികുട്ടി നിവർന്നിരുന്നു."

- തട്ടകം

"നെല്ലിൻതണ്ടുമണക്കും വഴികൾ
എള്ളിൻ നാമ്പുകുരുക്കും വയലുകൾ"
- കടമ്മനിട്ട

"ഒമ്പതുദിവസവും തായമ്പക ഈരണ്ടും മുമ്മൂന്നും തായമ്പക ഓരോ ദിവസവും" -പൊന്നാനി

-സ്വന്തം ദേശത്തിന്റെ ശബ്ദവും ഗന്ധവും നിറവും സ്പർശവുമെല്ലാം എഴുത്തുകാരനെ സ്വാധീനിക്കാറുണ്ടോ ?
സ്വാഭിപ്രായം വിശദമാക്കുക ?

2. “നാടിൻ നന്മകുടിച്ചു മരിച്ച കുളത്തിൽ
ഭഗവതിമാത്രം പാതിരനോക്കി നീരാട്ടാടി
പായലുമൂടി, പാഴ്ച്ചെടി മൂടി
പാലക്കൊമ്പിൻ നിഴലുകൾ മാത്രം
വീണുവിറച്ചു പരുങ്ങും കാഴ്ച്ചകൾ കണ്ടു
നടന്നൂ ഞാൻ ” -കടമ്മനിട്ട
- വരികൾ വ്യാഖ്യാനിക്കുക

3. ഓർമ്മകളിലൂടെ അവതരിപ്പിക്കുന്ന കവിത എന്ന നിലക്ക് സ്വന്തം ദേശത്തെക്കുറിച്ച് കടമ്മനിട്ടയുടെ മധുരസ്മരണകൾ എന്തെല്ലാം?

4. ഓരോ ഗ്രാമത്തിനും അതിന്റെതായ ഭാഷയുണ്ട്. ‘ഉരുളികുന്നത്തിന്റെ ലുത്തീനിയ’യിൽ, ഭാഷയിൽ പ്രകടമാവുന്ന ഗ്രാമീണജീവിതത്തിന്റെ നേർക്കാഴ്ച്ചകളുടെയും കാർഷിക സംസ്കാരത്തിന്റെയും അടയാളങ്ങൾ സക്കറിയ വ്യക്തമാക്കുന്നുണ്ട്. ലേഖകന്റെ ഭാഷാ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക

# അടിസ്ഥാനപാഠാവലി

**യൂണിറ്റ് I**

വാക്കാം വർണക്കുടചൂടി

പഠനപ്രക്രിയ

**"അധിനിവേശസംവിധാനം എന്താണ് ഞങ്ങളെപ്പോലുള്ള കെനിയൻ കുട്ടികളിൽ ചെയ്തത്? ഒരു വശത്ത് ഞങ്ങളുടെ ഭാഷകളെയും സാഹിത്യങ്ങളെയും അടിച്ചമർത്തി. മറുവശത്ത് ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തെയും ആകാശത്തോളം ഉയർത്തുകയും ചെയ്തു. അതിന്റെ പ്രത്യാഘാതം വലുതായിരുന്നു." ഗൂഗി വാ തിങാംഗോ.**

ഈ പ്രസ്താവന ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

അധിനിവേശം എന്താണ്? ഏതെല്ലാം തരത്തിൽ?

അധിനിവേശസംവിധാനങ്ങൾ ഏതെല്ലാം?

അധിനിവേശത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കും?

കെനിയയിൽ അധിനിവേശക്കാർ ചെയ്തതെന്തെല്ലാമായിരുന്നു?

ഗികുയുഭാഷയെ അടിച്ചമർത്തിയത് എങ്ങനെയെല്ലായിരിക്കും?

ഇംഗ്ലീഷ് ഭാഷയെ ആകാശത്തോളം ഉയർത്തിയത് എങ്ങനെയെല്ലാമായിരിക്കും?

"അതിന്റെ പ്രത്യാഘാതം വലുതായിരുന്നു." എന്തെല്ലാമായിരുന്നു അതിന്റെ പ്രത്യാഘാതങ്ങൾ?

തുടങ്ങിയ ചോദ്യങ്ങളുന്നയിച്ചു ചർച്ച.

കുട്ടികൾ നിർദേശിക്കുന്ന അഭിപ്രായങ്ങൾ ബോർഡിൽ രേഖപ്പെടുത്തുന്നു.

അവ പൊതുവായി ചർച്ച ചെയ്യുന്നു. ക്രോഡീകരിക്കുന്നു. 15 മി

*ക്രോഡീകരണത്തിൽ വരേണ്ടത്.*

*അധിനിവേശം-കീഴടക്കൽ-മാനസികവും ശാരീരകവുമായ കീഴടക്കൽ-*

*-യുദ്ധം,ഭരണം, പ്രചരണം, പരസ്യം,......*

*-പ്രാദേശികഭാഷ അവഗണിക്കൽ, മോശമാണെന്ന ധാരണ സൃഷ്ടിക്കൽ...*

*-ഭാഷ നഷ്ടപ്പെടൽ, എല്ലാ മേഖലകളിലും ഇംഗ്ലീഷിന്റെ ആധിപത്യം, സാംസ്കാരികമായ നഷ്ടം.*

മാതൃഭാഷ നേരിടുന്ന പ്രശ്നങ്ങൾ മലയാളസാഹിത്യത്തിൽ ചർച്ച ചെയ്യപ്പെടുന്നതെങ്ങനെയാണ്.?

ചർച്ചയുടെ ഭാഗമായി യൂണിറ്റ് I ലെ രചനകൾ വായിക്കുന്നു.

ഒന്നാം യൂണിറ്റിലെ നാലു രചനകളുമായും ബന്ധപ്പെട്ട വിശകലനപത്രം ചെറുസംഘങ്ങളിൽ നൽകുന്നു. ഒരുസംഘത്തിൽ പരമാവധി ആറുപേർ. കൂടുതൽ കുട്ടികളുണ്ടെങ്കിൽ ഒരേ രചനതന്നെ കൂടുതൽ സംഘങ്ങൾക്ക് നൽകണം.

# വിശകലനപത്രം

## *എന്റെ ഭാഷ*

| പരിഗണിക്കേണ്ടവ | കണ്ടെത്തിയവ |
|---|---|
| മാതൃഭാഷയുടെ മഹത്വം വ്യക്തമാക്കുന്ന വരികൾ കണ്ടെത്തിയെഴുതുക. | |
| അമ്മയുടെ മുലപ്പാൽപോലെത്തന്നെ മാതൃഭാഷയും. ഈ ആശയം വ്യക്തമാക്കുന്ന വരികൾ കണ്ടെത്തിയെഴുതുക. അവ സമാനമാകുന്നതെങ്ങനെ? | |
| മലയാളഭാഷയുടെ ശക്തി വെളിപ്പെടുത്തുന്ന വരികൾ കണ്ടെത്തുക | . |
| "നേരോർത്താലിപ്പരഭാഷാവ്യവഹാരം ചോറുവിൽക്കുന്നിടത്തുണ്ണലത്രേ!" ഈ ആശയത്തെ സാധൂകരിക്കുന്ന വരികൾ കവിതാഭാഗത്തുനിന്നും കണ്ടെത്തുക. | |
| മാതൃഭാഷയും അന്യഭാഷയും തമ്മിലുള്ള വ്യത്യാസം ആവിഷ്കരിക്കുന്ന വരികൾ ഏതെല്ലാം? | |
| കവിതയിൽ നിങ്ങൾക്ക് പ്രിയപ്പെട്ട വരികളേതെല്ലാം? അവ ഇഷ്ടപ്പെടാനുള്ള കാരണമെന്ത്? | |
| കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു കേറാൻ പിടിക്കയറെന്തു വേറെ? ഭാഷ ഇരുൾക്കുണ്ടിൽനിന്നു കയറാനുള്ള പിടിക്കയറാകുന്നതെങ്ങനെ? | |
| കവിതയുടെ ആശയം ശക്തമാക്കുന്നതിന് കവി തെരഞ്ഞെടുത്ത പദങ്ങൾ കണ്ടെത്തുക. അവ എത്രമാത്രം അനുയോജ്യമാണ്? പരിശോധിക്കുക. | |
| മാതൃഭാഷ നഷ്ടപ്പെടുന്നതിനെക്കുറിച്ച് ഗൂഗി വാ തിഓംഗോ പങ്കു വെച്ച ആശങ്കകൾ തന്നെയാണോ മലയാളത്തിന്റെ മഹാകവിയും പങ്കുവെക്കുന്നത്? | |

## വിശകലനപത്രം

## വാക്കിന്റെ കൂടെരിയുന്നു

| പരിഗണിക്കേണ്ടവ | കണ്ടെത്തിയവ |
|---|---|
| കെനിയക്കാരുടെ കുടുംബം, ജീവിതരീതി, മുതലായവ വ്യക്തമാക്കുന്ന വാക്യങ്ങളേതെല്ലാം? | |
| നാടോടിക്കഥകളുടെ ശക്തിയും സന്ദേശങ്ങളും ലേഖകൻ ആവിഷ്കരിക്കുന്നതെങ്ങനെ? സൂചനകൾ തയ്യാറാക്കുക. | |
| "ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ, ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്." ഈ വാക്യങ്ങളിൽ നിന്ന് നിങ്ങൾക്ക് വ്യക്തമായതെന്തെല്ലാം? ഇത്തരത്തിൽ വ്യഖ്യാനസാധ്യതയുള്ള മറ്റു വാക്യങ്ങൾ ലേഖനത്തിലുണ്ടോ? കണ്ടെത്തുക | |
| "വീടും വയലും ഞങ്ങൾക്ക് പ്രാഥമിക വിദ്യാലയങ്ങളായി."<br>വീടും വയലും പ്രാഥമികവിദ്യാലങ്ങളാകുന്നതിന്റെ എന്തെല്ലാം സൂചനകളാണ് ലേഖനത്തിൽ കാണാൻ കഴിയുന്നത്? | |
| ഗൂഗി വാ തിഓംഗോയുടെ വിദ്യാലയാനുഭവങ്ങൾ എങ്ങനെയുള്ളതായിരുന്നു? | |
| വിദ്യാഭ്യാസമേഖലയിൽ ഇംഗ്ലീഷിന്റെ അധിനിവേശം ഉറപ്പിച്ചതെങ്ങനെ? സൂചനകൾ കുറിക്കുക. | |
| ഭാഷയുടെ മേലുള്ള അധിനിവേശം മറ്റു മേഖലകളിലേക്ക് വ്യാപിച്ചതിനെക്കുറിച്ച് സൂചിപ്പിക്കുന്ന വാക്യങ്ങൾ കണ്ടെത്തുക. | |

| | |
|---|---|
| കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു കേറാൻ പിടിക്കയെറെന്തു വേറെ? ഓരോ പ്രദേശവും എത്തിപ്പെട്ടിരിക്കുന്ന ദുരവസ്ഥ കളിൽനിന്നു മോചനം നേടാനുള്ള ഉപാധി മാതൃഭാഷ ശക്തിപ്പെടുത്തലാണെന്ന് വള്ളത്തോൾ പറയുന്നു. ഗൂഗി വാ തിഓംഗോയും ഇത്തരം അഭിപ്രായങ്ങൾ വെച്ചുപുലർത്തുന്നുണ്ടോ? ഉദാഹരണങ്ങൾ കണ്ടെത്തുക. | . |
| "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ" വള്ളത്തോളിന്റെ ഈ അഭിപ്രായം ഗൂഗി വാ തിഓംഗോയുടേതു കൂടിയാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുന്നതിനുള്ള ഉദാഹരണങ്ങൾ ലേഖനത്തിൽനിന്നു കണ്ടെത്തുക. | |
| 'ഗൂഗി വാ തിഓംഗോയുടെ അനുഭവങ്ങൾ മലയാളത്തെ സ്നേഹിക്കുന്നവർക്ക് നൽകുന്നത് ചില മുന്നറിയിപ്പുകളാണ്'. നിങ്ങളുടെ അഭിപ്രായം സമർഥിക്കുന്നതിനുള്ള ഉദാഹരണങ്ങൾ ലേഖനത്തിൽനിന്നു കണ്ടെത്തുക. | |
| ഒരു വാക്ക് ഉപയോഗിക്കാതാവുമ്പോൾ നമുക്കന്യമാകുന്നതെന്തെല്ലാം? ലേഖനത്തിൽ നിന്നും തെളിവുകൾ കണ്ടെത്താൻ കഴിയുമോ? | |
| മാതൃഭാഷ ശക്തിപ്പെടുത്താൻ നിങ്ങൾക്കു മുന്നോട്ടു വെയ്ക്കാനുള്ള നിർദേശങ്ങളെന്തെല്ലാം? | |
| ഈ ലേഖനത്തിൽ നിങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച അനുഭവമെന്ത്? എന്തുകൊണ്ട്? | |

# വിശകലനപത്രം

## സൗന്ദര്യപൂജ

| പരിഗണിക്കേണ്ടവ | കണ്ടെത്തിയവ |
|---|---|
| കേരളപ്രകൃതി കവി കാണുന്നതെങ്ങനെ? | |
| 'കേരളപ്രകൃതിയെക്കുറിച്ച് എത്ര പാടിയാലും മതിവരാത്ത കവിയാണ് പി. കുഞ്ഞിരാമൻനായർ.' ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം സമർഥിക്കാനാവശ്യമായ തെളിവുകൾ കവിതയിൽനിന്ന് കണ്ടെത്തുക. | |
| കവി പ്രകൃതിക്കുനൽകുന്ന മനുഷ്യഭാവങ്ങളാണ് സൗന്ദര്യപൂജയെ മനോഹരമാക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്ന്. പ്രസ്താവനയോടുള്ള പ്രതികരണത്തിനാധാരമായ തെളിവുകൾ കവിതയിൽനിന്ന് കണ്ടെത്തുക. അവ കവിത മനോഹരമാക്കുന്നതെങ്ങനെ? കണ്ടെത്തുക. | |
| കവിത മനോഹരമാക്കുന്ന പദങ്ങൾ ഏതെല്ലാം? | |
| 'സുഖത്തിന്റെ നാളുകൾ പെട്ടെന്നു കഴിഞ്ഞുപോകും' ഈ ആശയം സൂചിപ്പിക്കുന്ന വരികൾ കവിതയിൽ നിന്നും കണ്ടെത്തുക | |
| കവിതയിൽനിന്നും നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ കണ്ടെത്തുക. ഇഷ്ടപ്പെടാനുള്ള കാരണവും കുറിക്കണം. | |
| ഒരു പ്രദേശത്തിന്റെ ഭാഷയും സംസ്കാരവും രൂപപ്പെടുത്തുന്നതിൽ അവിടത്തെ പ്രകൃതി സ്വാധീനം ചെലുത്തുന്നുണ്ടോ? മലയാളഭാഷയിലും സംസ്കാരത്തിലും കേരളപ്രകൃതി ചെലുത്തുന്ന സ്വാധീനത്തിന്റെ തെളിവുകൾ കവിതയിൽ കാണുന്നുണ്ടോ? പരിശോധിക്കുക. ഇത്തരമൊരഭിപ്രായം ഗൂഗി വാ തിഓംഗോയ്ക്കുണ്ടോ? പരിശോധിക്കുക. | |
| വാക്കുകൾകൊണ്ടു ചിത്രം വരയ്ക്കുന്നതിൽ സാമർഥനാണ് പി. കുഞ്ഞിരാമൻനായർ. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുന്നതിനുള്ള ഉദാഹരണങ്ങൾ കവിതയിൽനിന്നു കണ്ടെത്തുക | |

## മലയാളം

| പരിഗണിക്കേണ്ടവ | കണ്ടെത്തിയവ |
|---|---|
| ഗർഭാവസ്ഥ മുതൽ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും ഭാഷ മനുഷ്യനെ സ്വാധീനിച്ചു കൊണ്ടേയിരിക്കുന്നു.<br>ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുന്നതിനുള്ള തെളിവുകൾ കവിതയിൽനിന്നു കണ്ടെത്തുക. | |
| ഒരു വ്യക്തിയുടെ ഭാഷ രൂപപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ ജീവിതരീതിയും സംസ്കാരവും സ്വാധീനം ചെലുത്തുന്നുണ്ട്. ഈ പ്രസ്താവന സാധൂകരിക്കുന്ന തെളിവുകൾ കവിതയിൽ കണ്ടെത്താനാവുമോ?<br>സൗന്ദര്യപൂജ, വാക്കിന്റെ കൂടെരിയുന്നു തുടങ്ങിയ രചനകൾ ഈ ആശയത്തെ സാധൂകരിക്കുന്നുണ്ടോ? വിലയിരുത്തുക. | |
| തന്റെ മാതൃഭാഷയിലെ പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സാഹിത്യം, സംഗീതം, കലകൾ... തുടങ്ങിയവ ഒരു വ്യക്തിയെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. ഈ ആശയം 'മലയാളം'<br>എന്ന കവിത മുന്നോട്ടു വെക്കുന്നുണ്ടോ? അനുകൂലമോ പ്രതികൂലമോ ആയ തെളിവുകൾ കണ്ടെത്തുക. | |
| ഒരു ഭാഷ നഷ്ടപ്പെടുമ്പോൾ ആ ഭാഷയിലെ പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സാഹിത്യം, സംഗീതം, കലകൾ.... തുടങ്ങിയവയും നഷ്ടപ്പെടും. ഈ യൂണിറ്റിലെ മറ്റു രചനകൾകൂടി വിലയിരുത്തി ഉദാഹരണങ്ങൾ കണ്ടെത്തുക. | |
| കവിയുടെ ജീവിതാനുഭവങ്ങൾക്കൊപ്പം പുരാണങ്ങളെക്കുറിച്ചുള്ള സൂചനകളും കവിത ശക്തമാക്കുന്നതിന് സഹായകമാകുന്നുണ്ട്. കവിതയിലെ ഉദാഹരണങ്ങൾ കണ്ടെത്തുക. | |
| ഈ കവിതയിൽ നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട വരികളേതെല്ലാം? കാരണവും വിശദമാക്കണം. | |
| 'പുറപ്പെട്ടവൾ, ക്രൂശിക്കപ്പെട്ടവൾ,<br>ഉയിർത്തെഴുന്നേറ്റവൾ മലയാളം'<br>ഈ വരികളിലൂടെ മലയാളത്തെക്കുറിച്ച്<br>കവി മുന്നോട്ടുവെക്കുന്ന നിലപാടെന്ത്? | |

ഓരോ സംഘവും വിശകലനപത്രം പൂർത്തിയാക്കുന്നു. 25മി
തുടർന്ന് ഓരോന്നായി അവതരണം -

അധ്യാപികയോട്

**ഒരു രചനയുടെ ചർച്ചയ്ക്ക് പരമാവധി 20 മിനിട്ടേ ഉപയോഗിക്കാവൂ. ഒരു രചനയുടെ ചർച്ച കഴിഞ്ഞാൽ ഒരു പ്രവർത്തനം-ചോദ്യം നൽകണം. അവയുടെ വിലയിരുത്തൽ സൂചകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുകയോ അവരിൽ നിന്ന് രൂപപ്പെടുത്തുകയോ വേണം. അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും മെച്ചപ്പെടുത്താനുള്ള ചർച്ചകൾ നടത്തുകയും വേണം. എല്ലാ രചനകളുടെയും പ്രവർത്തനം പൂർത്തിയായാൽ യൂണിറ്റിനെ പൊതുവായി കാണുന്ന പ്രവർത്തനം നൽകണം.**

എന്റെ ഭാഷ-അവതരണം

പ്രധാനാശയങ്ങൾ ബോർഡിൽ കുറിക്കൽ. ചർച്ച. മെച്ചപ്പെടുത്തൽ. (ഒന്നിൽ കൂടുതൽ സംഘങ്ങളുണ്ടെങ്കിൽ അവർക്കും അവതിരിപ്പിക്കാനോ കൂട്ടിച്ചേർക്കാനോ അവസരം നൽകണം) 20

ക്രോഡീകരണത്തിനും ശേഷം അധ്യാപിക പ്രവർത്തനം I നൽകുന്നു.

**പ്രവർത്തനം I**

മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് വള്ളത്തോളിന്റെ കാഴ്ചപ്പാടുകൾ ചർച്ച ചെയ്തല്ലോ. ചർച്ചയുടെ അടിസ്ഥാനത്തിൽ എന്റെ ഭാഷ, എന്റെ മലയാളം എന്ന വിഷയവുമായി ബന്ധപ്പെട്ട പ്രഭാഷണം തയ്യാറാക്കുക 10

പ്രഭാഷണം വ്യക്തിഗതമായി തയ്യാറാക്കുന്നു. രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു. മറ്റു കുട്ടികൾ വിലയിരുത്തി സംസാരിക്കുന്നു. പ്രഭാഷണം വിലയിരുത്തേണ്ടതെങ്ങനെ? ചർച്ചയിലൂടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുന്നു.

**സൂചകങ്ങൾ**

-'എന്റെ ഭാഷ' എന്ന കവിതയിലെ ആശയം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.
-ഭാഷയുമായി ബന്ധപ്പെട്ട പുതിയ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
-മാതൃഭാഷയുമായി ബന്ധപ്പെട്ട സ്വന്തം നിലപാടുകൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്.
-പ്രഭാഷണത്തിന്റെ ഘടന പാലിച്ചുകൊണ്ട് മികച്ച ഭാഷയിൽ എഴുതിയിട്ടുണ്ട്.

രചനകൾ കൈമാറി വിലയിരുത്തുന്നു. സ്കോർ നൽകുന്നു. സ്കോർ നൽകിയതിന്റെ മാനദണ്ഡം പൊതുവായി ചർച്ച ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. 10

തുടർന്ന് 'വാക്കിന്റെ കൂടെരിയുന്നു'- അവതരണം

പ്രധാനാശയങ്ങൾ ബോർഡിൽ കുറിക്കൽ. ചർച്ച. മെച്ചപ്പെടുത്തൽ. (ഒന്നിൽ കൂടുതൽ സംഘങ്ങളുണ്ടെങ്കിൽ അവർക്കും
അവതരിപ്പിക്കാനോ കൂട്ടിച്ചേർക്കാനോ അവസരം നൽകണം) 20

ക്രോഡീകരണത്തിനും ശേഷം അധ്യാപിക പ്രവർത്തനം 2 നൽകുന്നു.

**പ്രവർത്തനം 2**

ഗൂഗി വാ തിഓംഗോയുടെ അനുഭവങ്ങൾ മലയാളിക്കുള്ള ഒരു മുന്നയിപ്പാണെന്ന് നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകൾ ഉയർത്തുന്ന ഒരു ചോദ്യമുണ്ട്. ഒരു ഭാഷയുടെ മരണം ഒരു സംസ്കാരത്തിന്റെ മരണം കൂടിയാണോ? ഇതിനോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്? ഇതുവരെ നടന്ന ചർച്ചയുടെ ആശയങ്ങൾകൂടി പരിഗണിച്ച് പ്രതികരണം തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കൽ. രണ്ടോ മൂന്നോ കുട്ടികളുടെ അവതരണം. മറ്റു കുട്ടികൾ വിലയിരുത്തുന്നു. ചർച്ചയിലൂടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുന്നു.

### വിലയിരുത്തൽ സൂചകങ്ങൾ

-ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞിട്ടുണ്ട്.
-ഗൂഗി വാ തിംഗോയുടെ ലേഖനത്തിലെ ആശയം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.
-തന്റേതായ കണ്ടെത്തലുകൾ ചേർത്തിട്ടുണ്ട്.
-തന്റെ വാദമുഖങ്ങൾ യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്.

സൂചകങ്ങൾക്കനുസരിച്ച് ഓരോരുത്തരും സ്വയം വിലയിരുത്തുന്നു. കണ്ടെത്തിയ മികവുകൾ/ പോരായ്മകൾ മുതലായവ പൊതുവായി അവതരിപ്പിക്കുന്നു. ചർച്ച. മെച്ചപ്പെടുത്തൽ. 20 മിനിട്ട്

തുടർന്ന് സൗന്ദര്യപൂജ- അവതരണം

പ്രധാനാശയങ്ങൾ ബോർഡിൽ കുറിക്കൽ. ചർച്ച. മെച്ചപ്പെടുത്തൽ. (ഒന്നിൽ കൂടുതൽ സംഘങ്ങളുണ്ടെങ്കിൽ അവർക്കും
അവതരിപ്പിക്കാനോ കൂട്ടിച്ചേർക്കാനോ അവസരം നൽകണം) 15

ക്രോഡീകരണത്തിനുശേഷം അധ്യാപിക പ്രവർത്തനം 3 നൽകുന്നു.

**പ്രവർത്തനം 3**

പ്രകൃതിയും കാലാവസ്ഥയും ഭാഷകളെ സ്വാധീനിക്കുമെന്ന് നമ്മൾ കണ്ടെത്തി.
കേരളത്തിലെ പ്രകൃതിയുടെയും സംസ്കാരത്തിന്റെയും നാശം മലയാളഭാഷയുടെ നാശത്തിനു കാരണമാകുന്നുണ്ടോ? ഇന്നത്തെ സാമൂഹ്യസാഹചര്യങ്ങൾ, ഭാഷയുടെ അവസ്ഥ മുതലായവ വിശകലനം ചെയ്ത് കണ്ടെത്തുക.

വ്യക്തിഗതമായി തയ്യാറാക്കൽ. രണ്ടോ മൂന്നോ കുട്ടികളുടെ അവതരണം. മറ്റു കുട്ടികൾ വിലയിരുത്തുന്നു. ചർച്ചയിലൂടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുന്നു.

### വിലയിരുത്തൽ സൂചകങ്ങൾ

-ഭാഷയുമായി പ്രകൃതി, സംസ്കാരം എന്നിവയ്ക്കുള്ള ബന്ധം കണ്ടെത്തിയിട്ടുണ്ട്.
-കേരളത്തിലെ ഭൂപ്രകൃതി, സംസ്കാരം മുതലായ തമ്മിലുള്ള ബന്ധം കണ്ടെത്തിയിട്ടുണ്ട്.
-കേരളത്തിലെ ഭൂപ്രകൃതി, സംസ്കാരം ഇവയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.
-മലയാളഭാഷയിലുണ്ടാകുന്ന ദോഷകരമായ ഇടപെടലുകളും അവയ്ക്ക് കാരണമായ സംസ്കാരം, പ്രകൃതി ഇവയിലെ മാറ്റങ്ങളും ബന്ധപ്പെടുത്തിയിട്ടുണ്ട്.
-സ്വന്തം നിലപാടുകൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്.

സൂചകങ്ങൾക്കനുസരിച്ച് കൈമാറി വിലയിരുത്തൽ. പ്രയാസങ്ങൾ ചർച്ച. മെച്ചപ്പെടുത്തൽ. 10

തുടർന്ന് മലയാളം-അവതരണം

പ്രധാനാശയങ്ങൾ ബോർഡിൽ കുറിക്കൽ. ചർച്ച.മെച്ചപ്പെടുത്തൽ. (ഒന്നിൽ കൂടുതൽ സംഘങ്ങളുണ്ടെങ്കിൽ അവർക്കും അവതരിപ്പിക്കാനോ കൂട്ടിച്ചേർക്കാനോ അവസരം നൽകണം) 15

ക്രോഡീകരണത്തിനുശേഷം അധ്യാപിക പ്രവർത്തനം 4 നൽകുന്നു.
20

**പ്രവർത്തനം 4**

സച്ചിദാനന്ദൻ തന്റെ അനുഭവങ്ങളിലൂടെയാണ് മലയാളത്തെ അറിയുന്നത്. നിങ്ങൾ മലയാളത്തെ അറിയുന്നത് എങ്ങനെയെല്ലാണ്? അത്തരം അനുഭവങ്ങൾ ഉൾപ്പെടുത്തി
മധുമൊഴി മലയാളം എന്ന അനുഭവക്കുറിപ്പ് തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കൽ. രണ്ടോ മൂന്നോ കുട്ടികളുടെ അവതരണം. മറ്റു കുട്ടികൾ വിലയിരുത്തുന്നു. ചർച്ചയിലൂടെ വിലയിരുത്തൽസൂചകങ്ങൾ വികസിപ്പിക്കുന്നു.

### വിലയിരുത്തൽ സൂചകങ്ങൾ.

സച്ചിദാനന്ദൻ മലയാളത്തെ അനുഭവിച്ച രീതി തിരിച്ചറിഞ്ഞിട്ടുണ്ട്.

തന്റെ അനുഭവങ്ങളുടെ പശ്ചാതലത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
അനുഭവത്തിന്റേതായ വൈകാരികത ഉണർത്തുന്ന ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

സൂചകങ്ങൾക്കനുസരിച്ച് കൈമാറി വിലയിരുത്തൽ. പ്രയാസങ്ങൾ ചർച്ച. മെച്ചപ്പെടുത്തൽ. തുടർന്ന് ഒന്നാം യൂണിറ്റുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ആശയങ്ങൾ ചർച്ച. അവ പ്രയോജനപ്പെടുത്തി താഴെ പറയുന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
10

മമ്മി

മരിക്കാൻ കിടക്കുന്നു മുത്തശ്ശി; ചുറ്റും നോക്കി-
യിരിക്കാൻ തുടങ്ങിയിട്ടേറെയായ് വേണ്ടപ്പെട്ടോർ:
ദൂരെ ജോലിയിലുള്ളോരാരുമേയിനിയെത്തി-
ച്ചേരുവാനില്ല: വന്നു മക്കളും ചെറുമക്കൾ
മലയായിലെപ്പുത്രി കേൾക്കുവോരുടെ കണ്ണിൽ
ജലമൂറുമാറുച്ചം കരഞ്ഞു "പ്രിയമമ്മീ,
ഒന്നു നീ നേരേ നോക്കൂ, നിന്നിളം മകളല്ലേ
വന്നിതാ വിളിക്കുന്നു, കൺതുറക്കുക മമ്മീ!"
കുട്ടികൾ ചുറ്റുംകൂടിക്കരഞ്ഞു:" ഗ്രാൻമമ്മീ, തെ-
ല്ലിഷ്ടമുണ്ടെങ്കിൽ കണ്ണുതുറക്കൂ ഡിയർ മമ്മീ!"
കേട്ടവർ കേട്ടോർക്കുള്ളം ദ്രവിച്ചു, ദുഃഖത്തിന്റെ
തേട്ടലിലവരൊപ്പം വിളിച്ചു "മമ്മീ മമ്മീ"

2

നാലഞ്ചു നാളായൊറ്റക്കിടപ്പായിരുന്നോൾ തൻ
മേലനക്കുന്നു, യമരാജന്റെ സൗജന്യമോ?
ചുണ്ടനക്കുന്നു, ശ്വാസം നേരെയാക്കുന്നു, മക്കൾ
കണ്ടു നിൽക്കവേ മെല്ലെക്കണ്ണുകൾ തുറക്കുന്നു!
"മമ്മി, യെൻ പ്രിയ മമ്മി, ഗ്രാൻമമ്മി" വിലാപത്തി-
ന്നുൻമാദമുച്ചസ്ഥായി പ്രാപിച്ചു താഴുന്നേരം
നല്ല ബോധമായ് വൃദ്ധ വെള്ളവും കുടിച്ചെന്തോ
ചൊല്ലുവാൻ തുനിഞ്ഞയ്യോ, പാതിയിൽ നിറുത്തുന്നു!
ഒരു തേങ്ങലിൽ ദിക്കുപൊട്ടുമാറാ മാതാവി-
ന്നരുമക്കരം മൊത്തിയൊരുമോൾ ചോദിക്കുന്നു;
" ഞങ്ങളാൽ സാധിച്ചീടാനാശ വല്ലതുമുള്ളിൽ
തങ്ങി നിൽപുണ്ടോ മമ്മീ, പറയൂ പ്രിയമമ്മീ!"

3

കരയും ജനങ്ങൾതൻ നടുവിൽക്കടന്നെത്തി
മരണം നൃത്തം വയ്ക്കും ചുണ്ടുകൾ ശബ്ദിക്കുന്നു:
"അമ്മേ' യെന്നൊരു വാക്കു വിളിക്കുന്നതു കേട്ടു
ജന്മമൊന്നൊടുക്കുവാൻ മക്കളേ, കൊതിപ്പൂ ഞാൻ"
മാതൃചിത്തത്തിന്നന്തിമാശപോൽ തേനൂറുന്ന
മാതൃഭാഷതൻ വാക്കു ജീവനിട്ടുയരുമ്പോൾ
അമ്മതൻ നയനങ്ങളടഞ്ഞു; സംതൃപ്തിത-
ന്നുണ്മമുറ്റിയ ദേഹം മമ്മി പോയാൽ നിശ്ശേഷമായ്.

*-ചെമ്മനം ചാക്കോ-*

ആസ്വാദനം തയ്യാറാക്കുമ്പോൾ എന്റെ ഭാഷ, വാക്കിന്റെ കൂടെരിയുന്നു, സൗന്ദര്യപൂജ, മലയാളം എന്നീ രചനകളിലെ ആശയങ്ങൾകൂടി പരിഗണിക്കണം,

ഗൃഹപാഠമായി പൂർത്തിയാക്കുന്നു-അടുത്ത ദിവസം വിലയിരുത്തൽ

**വിലയിരുത്തൽ സൂചകങ്ങൾ**

-കവിതയുടെ ആശയം എഴുതിയിട്ടുണ്ട്.

-കവിതയുടെ ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(വാങ്മയചിത്രങ്ങൾ-പദപ്രയോഗം-ആനുകാലികപ്രാധാന്യം, മറ്റു രചനകളിലെ ആശയങ്ങളുമായുള്ള ബന്ധം....)

-കവിതയെക്കുറിച്ചുള്ള സ്വന്തം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

(കവിത മനസ്സിലുണ്ടാക്കിയ വികാരം, മറ്റു വായനക്കാരോടു പറയാനുള്ളത്...)

## യൂണിറ്റ് - 2 വേണമീസ്നേഹബന്ധങ്ങളുഴിയിൽ

### പഠനപ്രവർത്തനങ്ങൾ

**പ്രവർത്തനം - 1** പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

അയിത്താചാരങ്ങൾ കൊണ്ട് സവർണ്ണർ അവർണ്ണരെ പൊറുതിമുട്ടിച്ചിരുന്ന പൂർവ്വകാലം നമുക്കുണ്ടായിരുന്നു. ഭ്രാന്താലയമെന്നാണ് അന്നത്തെ കേരളത്തെ സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്. മനുഷ്യത്വരഹിതമായ അനാചാരങ്ങളുടെ പിടിയിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിച്ചത് വി.ടി. ഭട്ടതിരിപ്പാടിനെപ്പോലുള്ള സാംസ്കാരിക നായകന്മാരുടെ പ്രവർത്തനങ്ങളാണ്. 'ബ്രഹ്മാലയം തുറക്കപ്പെട്ടു' എന്ന രചനയിൽ അക്കാലത്ത്, താഴ്ന്നജാതിയിൽപ്പെട്ടവർ അനുഭവിച്ചിരുന്ന വിവേചനത്തെക്കുറിച്ചുള്ള സൂചനകൾ കണ്ടെത്തി കുറിക്കുക.

അവതരിപ്പിക്കുന്നു.

- ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാനവകാശമില്ല.
- സവർണ്ണസങ്കേതങ്ങളിലൊന്നിലും പ്രവേശനാനുവാദമില്ല.
- ഉയർന്ന ജാതിക്കാരോടൊപ്പം ഭക്ഷണം കഴിക്കാനവകാശമില്ല.
- ഉയർന്ന ജാതിക്കാരനുഭവിക്കുന്ന സുഖസൗകര്യങ്ങളെല്ലാം നിഷേധിക്കപ്പെട്ടിരുന്നു.

ഇക്കാലത്ത് ജാതീയമായ വിവേചനങ്ങൾ കാണാറുണ്ടോ? ഏതെല്ലാം തരത്തിലുള്ള വിവേചനങ്ങളാണ് ഇപ്പോഴത്തെ സമൂഹത്തിൽ കാണുവാൻ കഴിയുന്നത്? കുട്ടികൾ പറയുന്നു. ബോർഡിൽ രേഖപ്പെടുത്തുന്നു.

(സമ്പത്ത്, അധികാരം, സ്വാധീനം തുടങ്ങിയവ)

റാണി എന്ന അനാഥബാലിക അനുഭവിക്കുന്ന വിവേചനവും, ദയനീയാവസ്ഥയും എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിൽനിന്ന് കുട്ടികൾ കണ്ടെത്തട്ടെ.

- നല്ല വസ്ത്രങ്ങളോ, അഭരണങ്ങളോ, കാലിൽ ചെരിപ്പോ അവൾക്കില്ല.
- വീടില്ലാത്ത അവൾ കിടന്നുറങ്ങുന്നത് കടത്തിണ്ണയിലാണ്.
- ഏകാശ്രയമായ അമ്മയുടെ മരണത്തോടെ അവൾ അനാഥയായി.
- മുഷിഞ്ഞ വസ്ത്രമാണവൾ ധരിച്ചിരിക്കുന്നത്. അതിനാൽ തുണിക്കടയിലും, ഐസ്ക്രീം കടയിലും മറ്റും കയറാനുള്ള ധൈര്യമോ, ആത്മവിശ്വാസമോ അവൾക്കില്ല. കുട്ടികൾ കണ്ടെത്തുന്ന സൂചനകൾ പൊതുചർച്ചയിലൂടെ വിശകലനം ചെയ്യുന്നു. ആവശ്യമായ ഘട്ടങ്ങളിൽ അദ്ധ്യാപിക ഇടപെടുന്നു.

**ക്രോഡീകരണം.**

കാലത്തിനനുസരിച്ച് വിവേചനത്തിന്റെ അളവുകോലുകൾ മാറുന്നുണ്ട്. എന്നാൽ വിവേചനത്തിനു മാത്രം മറ്റമുണ്ടാകുന്നില്ല. എന്തിന്റെ പേരിലായാലും മനുഷ്യരെ ഇപ്രകാരം തരംതിരിക്കുന്നത് ശരിയാണോ? സമകാലിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 2** ആസ്വാദനാംശങ്ങളുടെ വിശകലനം.

സിനിമാഗാനങ്ങളുടെ ഈരടികൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

“കരയുന്നോ, പുഴ ചിരിക്കുന്നോ
കണ്ണീരുമൊലിപ്പിച്ചു കൈവഴികൾ പിരിയുമ്പോൾ
കരയുന്നോ പുഴ ചിരിക്കുന്നോ”

“ആയിരം പാദസരങ്ങൾ കിലുങ്ങി ആലുവാപ്പുഴ പിന്നെയുമൊഴുകി”

പുഴയ്ക്ക് ചിരിക്കാനും കരയാനും കഴിയുമോ?
പുഴയ്ക്ക് പാദസരങ്ങളുണ്ടോ? (ലഘുചർച്ച)

പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരാൾക്ക്, അയാളുടെ മാനസികാവസ്ഥയ്ക്ക് അനുയോജ്യമായ ചലനങ്ങളും, ഭാവഭേദങ്ങളും പ്രകൃതിയിൽ കണ്ടെത്തുവാൻ കഴിയും. ഏറ്റവും നന്നായി പ്രകൃതിയെ പ്രയോജനപ്പെടുത്തിയിട്ടുള്ളത് കവികളാണ്.

‘കൊച്ചു ദുഃഖങ്ങളുറങ്ങൂ’ എന്ന കവിതയിൽ വഴിത്താരയിൽ ശ്രാവണ പുഷ്പങ്ങൾ പാട്ടുകേൾക്കാൻ വേണ്ടി കാതോർത്തു നിൽക്കുന്നതായി കവി പറയുന്നുണ്ട്. ഇപ്പോൾ വരുമെന്ന പ്രതീക്ഷയോടെ, വഴിയോരത്ത് കാതുകൂർപ്പിച്ച് കാത്തുനിൽക്കുകയാണ് പൂക്കളെന്ന സങ്കൽപം തന്നെ ആ കവിതയ്ക്ക് പ്രത്യേകഭംഗി നൽകുന്നില്ലേ?

കുട്ടികളെ രണ്ട് വിഭാഗങ്ങളാക്കുന്നു. ഒരു വിഭാഗത്തെ ചെറിയ സംഘങ്ങളായി തിരിച്ച് ആ കവിതയിലെ മറ്റ് പ്രകൃതിവർണ്ണനകൾ കണ്ടെത്തി കാവ്യസന്ദർഭവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുവാൻ ആവശ്യപ്പെടുന്നു. അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു.

കുട്ടികളുടെ രണ്ടാമത്തെ വിഭാഗത്തെ ചെറിയ സംഘങ്ങളായി തിരിച്ച് 'തോരാമഴ' എന്ന കവിതയിലെ പ്രകൃതിവർണ്ണനകളെ കാവ്യസന്ദർഭവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുവാൻ ആവശ്യപ്പെടുന്നു. അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു.

കവിതകളുടെ ആസ്വാദനാംശങ്ങൾക്ക് മിഴിവേകാൻ പ്രകൃതിവർണ്ണനകൾക്ക് കഴിയുന്നുണ്ടോ? നിങ്ങൾ പഠിച്ച മറ്റുകവിതകൾ കൂടി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം – 3** ശൈലികളും പ്രയോഗങ്ങളും കണ്ടെത്തി വിശകലനം ചെയ്യുന്നു.

"തീവ്രമായ വ്രതം മൂലം ശുഷ്ക്കശരീരനെങ്കിലും വെണ്ണീറിൽ കനലെന്ന പോലെ ഒളിഞ്ഞുകിടക്കുന്ന കുടുംബസ്നേഹം ആ അവസരത്തിൽ അദ്ദേഹത്തിൽ സമുജ്ജ്വലിക്കാറുണ്ടായിരുന്നു."

അച്ഛനെക്കുറിച്ച് വി.ടി പറയുന്ന വാക്കുകളാണിത്. തീയിൽ ദഹിക്കുമ്പോഴാണല്ലോ വെണ്ണീറ് (ചാരം) ഉണ്ടാകുന്നത്. തീവ്രവ്രതമാകുന്ന തീയിൽ എരിഞ്ഞ്, ചാരം പോലെ ശുഷ്ക്കമായ ശരീരമായിരുന്നു അദ്ദേഹത്തിന്റേത്. ദേഹമാസകലം ഭസ്മം പൂശുമെന്ന് തുടർന്ന് പറയുന്നുണ്ട്. പലപ്പോഴും ചാരത്തിനടിയിൽ പുറമേ കാണാനാവാത്ത വിധത്തിൽ കനലുകൾ ഒളിഞ്ഞുകിടപ്പുണ്ടാകും. മുകളിലെ ചാരം മാറ്റിയാലേ ഇതു കാണാൻ കഴിയൂ. കുടുംബത്തോട് ഉള്ളിൽ സ്നേഹമുണ്ടെങ്കിലും അതൊട്ടും പ്രകടിപ്പിക്കാത്തയാളാണ് അദ്ദേഹം. വെണ്ണീറിൽ കനലെന്ന പോലെ എന്ന ഒരൊറ്റ പ്രയോഗം കൊണ്ട് വി.ടിയുടെ അച്ഛന്റെ രൂപവും, ഭാവവും, സ്വഭാവവും നമ്മുടെ മനസ്സിൽ വ്യക്തമായി തെളിഞ്ഞുവരുന്നില്ലേ. ഇത്തരം പ്രയോഗങ്ങളിൽ വാക്കുകൾ, അർത്ഥത്തിനപ്പുറത്തുള്ള അനുഭവമായി മാറുകയാണ് ചെയ്യുന്നത്.

കുറിക്കുകൊള്ളുന്ന ഇത്തരം ധാരാളം പ്രയോഗങ്ങൾ വി.ടിയുടെ രചനയിലുണ്ട്. അവ കുട്ടികൾ കണ്ടെത്തട്ടെ. ഓരോന്നിന്റെയും അർത്ഥവ്യാപ്തിയും ഭാവഭംഗിയും ഔചിത്യവും വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ തയ്യാറാക്കി പൊതുവായി അവതരിപ്പിക്കട്ടെ.
ചർച്ച ചെയ്ത് മെച്ചപ്പെടുത്തുകയും ചെയ്യാം.

**പ്രവർത്തനം - 4** താരതമ്യം ചെയ്ത് സ്വാഭിപ്രായം സമർത്ഥിക്കുക.

കടത്തിണ്ണയിൽ കിടന്നുറങ്ങിയിരുന്ന റാണിയെ കൂട്ടിക്കൊണ്ടുപോകുന്ന കൂലിപ്പണിക്കാരായ കുടുംബത്തെ ആദ്യം നാം കാണുന്നത് മകനുള്ള ഷർട്ട് വിലപേശി വാങ്ങുന്ന അവസരത്തിലാണ്. രമണി സാരിവാങ്ങുന്ന രംഗവും കഥയിലുണ്ടല്ലോ. വിരുദ്ധസ്വഭാവമുള്ള ഈ രംഗങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്ത മനോഭാവങ്ങളെ വെളിവാക്കുന്നുണ്ടോ? ഇതിൽ ഏതു മനോഭാവമാണ് നിങ്ങൾക്ക് സ്വീകാര്യമായിട്ടുള്ളത്? എന്തുകൊണ്ട്?

നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

ഈ കഥയിലെ വിരുദ്ധസ്വഭാവമുള്ള മറ്റു രംഗങ്ങളും കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കട്ടെ.

**പ്രവർത്തനം - 5** ഉപന്യാസം തയ്യാറാക്കുക.

സമൂഹത്തിൽ അവർണ്ണരനുഭവിക്കുന്ന അവഗണനയും വിവേചനവും, റാണിയെന്ന അനാഥയായ പെൺകുട്ടിയനുഭവിക്കുന്ന സങ്കടങ്ങൾ എന്നിവ പ്രമേയമായി വരുന്ന രചനകൾ നാം പരിചയപ്പെട്ടുവല്ലോ. സത്യത്തിൽ മനുഷ്യസ്നേഹമാണോ സാഹിത്യരചനകൾക്ക് ജന്മം നൽകുന്നത്. മറ്റു രചനകളുടെ പ്രമേയങ്ങൾ കൂടി വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**പ്രവർത്തനം - 6** മുഖപ്രസംഗം തയ്യ.ാറാക്കുക.

"കാറോടിച്ചുകൊണ്ടിരിക്കെ അയാൾ പറഞ്ഞു.
നമുക്കവളെ ഒപ്പം കൂട്ടാമായിരുന്നു.
ഓ.. ഇനി അതുംകൂടിയേ വേണ്ടൂ. ബാക്കിയൊക്കെയായി."
അവൾ കാർക്കശ്യത്തോടെ പറഞ്ഞു.

സഹജീവികളെക്കുറിച്ചുള്ള കരുതൽ കുറയുന്നു. സ്വാർത്ഥത പെരുകുകയും ചെയ്യുന്നു. പണത്തിന്റെയും ആർഭാടങ്ങളുടെയും പിന്നാലെ പായുകയാണ് എല്ലാവരും. സഹതാപവും സ്നേഹവും വാക്കുകളിൽ മാത്രം ഒതുങ്ങുന്നു. വികസനം എന്ന വാക്കുപോലും കുറച്ചുപേർക്കുവേണ്ടി കുറേപ്പേരെ ആട്ടിയോടിക്കാനുള്ള തന്ത്രമായി മാറുന്നില്ലേ ഒരു സമൂഹമെന്ന നിലയിൽ നാടിന്റെ അപചയത്തിലേക്കല്ലേ ഇത് വിരൽ ചൂണ്ടുന്നത്. സമകാലികസംഭവങ്ങളുമായി ബന്ധപ്പെടുത്തി മുഖപ്രസംഗം തയ്യാറാക്കുക.

## യൂണിറ്റ് 3
## അലയും മലയും കടന്നവർ

പഠനപ്രക്രിയ

"എന്നേം കൊണ്ടുപോവ്വോ?"
"എങ്ങോട്ട്?"
"നിങ്ങളുടെ വീട്ടിലേക്ക്?"
ഈ വാക്യങ്ങൾ രേഖപ്പെടുത്തിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. തുടർന്ന് താഴെ നൽകിയ ചോദ്യങ്ങളിലൂടെ വാക്യങ്ങൾ വിശകലനം ചെയ്യുന്നു.

-റാണിയുടെ ഈ ചോദ്യങ്ങൾ കേവലചോദ്യങ്ങളാണോ?
-ചോദ്യത്തിനു പിറകിലെ മാനസികഭാവമെന്ത്?
-റാണിയുടെ പ്രതീക്ഷ എന്തായിരിക്കും?
-ഇത്തരം ചോദ്യങ്ങൾക്ക് ഇടയാക്കിയ സാഹചര്യമെന്ത്?
-അയാളുടെ മാനസികാവസ്ഥയെന്ത്?
-എന്തുകൊണ്ടാണ് അത്തരമൊരവസ്ഥ ഉണ്ടായത്?
-കുട്ടിയെ കൊണ്ടുപോകുന്നതിൽ നിന്നും അയാളെ തടയുന്ന ഘടകങ്ങൾ എന്തെല്ലാം?
-യഥാർത്ഥത്തിൽ അയാൾ നിസ്സഹായനാണോ? എന്തുകൊണ്ട്?
ഈ ചോദ്യങ്ങളിലൂടെ നടന്ന ചാർച്ച ക്രോഡീകരിക്കുന്നു. 10

**ക്രോഡീകരണത്തിൽ**

-റാണിയുടെ അനാഥത്വം, നിസ്സഹായത,
-ഭക്ഷണം, സുരക്ഷിതത്വം മുതലായവയ്ക്കായുള്ള ആഗ്രഹം, പ്രതീക്ഷ
-കുട്ടിയുടെ നേർക്ക് അയാൾക്കുള്ള സഹതാപം, സഹായിക്കാനുള്ള മനസ്സ്, കൂട്ടിക്കൊണ്ടു പോകാനുള്ള ആഗ്രഹം, ഭാര്യയുടെ അഭിപ്രായം, കൊണ്ടുപോകുന്നതിലെ
എതിർപ്പ്, അയാളനുഭവിക്കുന്ന മാനസികസംഘർഷങ്ങൾ എന്നിവ ഉണ്ടായിരിക്കണം,

തുടർന്ന് ആടുജീവിതത്തിലെ ഒരു ഭാഗം ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
"ചുമടിറക്കുന്നതിനിടെ എനിക്കിയാവുന്ന എല്ലാഭാഷയിലും എന്റെയുള്ളിലെ എല്ലാ സങ്കടവും നിറച്ച് ഞാനയാളോട് എന്നെ ഈ നരകത്തിൽ നിന്നും എങ്ങനെയെങ്കിലും രക്ഷിക്കണം എന്നു കെഞ്ചിപ്പറഞ്ഞു. പക്ഷേ അയാളുടെ മുഖത്ത് ആകെ നിറഞ്ഞുനിന്നത് കനത്ത നിർവികാരത മാത്രമായിരുന്നു."
"വർഷങ്ങളായി എന്റെ അർബാബിനെ അടുത്തറിയാവുന്ന അയാളുടെ അപ്പോഴത്തെ നിസ്സഹായാവസ്ഥ എനിക്കിപ്പോൾ ഊഹിക്കാൻ കഴിയും"
രക്ഷിക്കാൻ കഴിയാത്തവരുടെ നിസ്സഹായതയാണ് ഈ സന്ദർഭങ്ങളിൽ തെളിയുന്നത്-
15

പ്രതികരിക്കുക. (എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ, ആടുജീവിതം എന്നിവ പരിഗണിച്ച്)
കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു. രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു.
കുട്ടികളുടെ ഉത്തരം വിശകലനം ചെയ്യുന്നു.
ഉത്തരത്തിൽ ഉണ്ടാവേണ്ടത് എന്തെല്ലാം?

**രമണിയുടെ ഭർത്താവിന്റെ അവസ്ഥ**

**പാക്കിസ്ഥാനിയുടെ മാനസികാവസ്ഥ**

**രമണിയുടെ ഭർത്താവ് -പാക്കിസ്ഥാനി ഇവരുടെ മാനസികഭാവങ്ങളിലെ സാമ്യവ്യത്യാസങ്ങൾ, അഭിപ്രായം**

ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ കൈമാറി ഉത്തരം വായിക്കുന്നു. മികവുകൾ, പരിമിതികൾ മുതലായവ രേഖപ്പെടുത്തുന്നു. 10

'ആടുജീവിതം' എന്ന നോവലിലെ നജീബ് എന്ന കഥാപാത്രത്തിന്റെ ജീവിതാനുഭവങ്ങളെയും വ്യക്തിത്വസവിശേഷകളെയും സമഗ്രമായി പ്രതിഫലിപ്പിക്കുന്ന ഒരു വാക്യം എഴുതുക.

ഓരോ കുട്ടിയും എഴുതുന്നു. പൊതു അവതരണം.
അധ്യാപിക അവ ബോർഡിൽ രേഖപ്പെടുത്തുന്നു.
ഓരോന്നും പ്രത്യേകം ചർച്ച (കഥാസന്ദർഭവുമായി ബന്ധപ്പെടുത്തി)
ചർച്ചയുടെ അടിസ്ഥാനത്തിൽ നജീബിനെക്കുറിച്ചുള്ള കഥാപാത്രനിരൂപണം തയ്യാറാക്കുന്നു.
രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു. 10
കുട്ടികളുടെ ഉത്തരം വിശകലനം ചെയ്യുന്നു.
ഉത്തരത്തിൽ ഉണ്ടാവേണ്ടത് എന്തെല്ലാം? ചർച്ച.
കഥാപാത്രത്തിന്റെ സവിശേഷതകൾ-ഉദാഹരണ സഹിതം.
കഥ/കവിതയിൽ കഥാപാത്രത്തിന്റെ സ്വാധീനം, സ്ഥാനം.
മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം.
നിങ്ങളുടെ വിലയിരുത്തലുകൾ.
ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും സ്വന്തം രചന മെച്ചപ്പെടുത്തുന്നു. 10

തുടർന്ന് ആടുജീവിതത്തിലെ ചില വാക്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു. (ചാർട്ട്)
-എന്റെ നെഞ്ച് തകർന്നുപോയ വിധം..............
-അന്നേരം ഹൃദയം വാർന്നൊഴുകിപ്പോയതുപോലെ ഒരു തളർച്ച എന്നെ ബാധിക്കും.
ഈ വാക്യങ്ങളുടെ പ്രത്യേകതയെന്ത്?
-എന്റെ നെഞ്ച് തകർന്നുപോയ വിധം.......
വാക്യം മുഴുമിക്കാത്തതെന്തുകൊണ്ടായിരിക്കും?
ഇത്തരം വാക്യങ്ങളുടെ ആശയം മുഴുവനാക്കുന്നത് ആരാണ്?

ഓരോ വായനക്കാരനും ആശയം പൂർത്തീകരിക്കുന്നതെന്തിന്റെ അടിസ്ഥാനത്തിലായിരിക്കും?
ഇത്തരത്തിൽ പൂരിപ്പിക്കുമ്പോൾ വായനക്കാരനുണ്ടാകുന്ന അനുഭവമെന്ത്?
ഇതുപോലുള്ള മറ്റു വാക്യങ്ങൾ നോവലിൽനിന്നു കണ്ടെത്തുക.
'അന്നേരം ഹൃദയം വാർന്നൊഴുകിയപ്പോയതുപോലെ ഒരു തളർച്ച എന്നെ ബാധിക്കും.'
ഈ വാക്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

ഹൃദയം വാർന്നൊഴുകിപ്പോയതുപോലെ-ഈ പ്രയോഗം നൽകുന്ന അർഥസാധ്യതയെന്ത്?
ഹൃദയം വാർന്നൊഴുകിപ്പോയാൽ എന്തുസംഭവിക്കും?
ഇത്തരം പ്രയോഗങ്ങൾ സന്ദർഭത്തിനു ഭംഗി കൂട്ടുന്നുണ്ടോ?
ഇതുപോലെയുള്ള മറ്റു വാക്യങ്ങൾ നോവലിൽനിന്നു കണ്ടെത്തുക.
അവയുടെ അടിസ്ഥാനത്തിൽ 'ആടുജീവിതത്തിലെ ഭാഷയുടെ പ്രത്യേകതൾ' എന്ന വിഷയത്തിൽ ലഘുലേഖനം തയ്യാറാക്കുക.
തുടർന്ന് ആസ്സാംപണിക്കാരിലെ വരികൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഉദരത്തിൽ പശി കെടുത്താൻപോയ് ഞങ്ങൾ;
ഹൃദയത്തിൽ വിശപ്പടക്കുവാൻ പോന്നു.
ഈ വരികളിലെ സൂചനയെന്ത്? ചർച്ച.
ഈ വരികൾ നജീബിനും യോജിക്കുമോ? പരിശോധിക്കുക. 15

നജീബും ആസ്സാംപണിക്കാരും കേരളം വിട്ടുപോയത് ജീവിക്കാനുള്ള തിരക്കിലാണ്.
നാടിനെക്കുറിച്ചുള്ള നജീബിന്റെ ഓർമകൾ എന്തെല്ലാമാണ്? ചർച്ച.
എന്നാൽ നാടിനെക്കുറിച്ചു ആസ്സാംപണിക്കാർ ഓർക്കുന്നതിങ്ങനെയാണ്.
(അധ്യാപിക അവതരിപ്പിക്കുന്നു.)
"അറിയുമേ ഞങ്ങളറിയുമീ നാടു
നരകമാക്കീടും നരകീടങ്ങളെ"
-നാടു നരകമാക്കുന്ന നരകീടങ്ങൾ ആരെല്ലാമാണ്?
-അങ്ങനെയുള്ളവർ ഇപ്പോഴുമുണ്ടോ? ചർച്ച.
ചർച്ചയുടെ അടിസ്ഥാനത്തിൽ 'നാടു നരകമാക്കുന്ന നരകീടങ്ങൾക്കെതിരെ' എന്ന തലക്കെട്ടിൽ എഡിറ്റോറിയൽ തയ്യാറാക്കുക.
കുട്ടികൾ വ്യക്തിഗതമായി എഡിറ്റോറിയൽ തയ്യാറാക്കുന്നു. രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു.
കുട്ടികളുടെ ഉത്തരം വിശകലനം ചെയ്യുന്നു.
ഉത്തരത്തിൽ ഉണ്ടാവേണ്ടത് എന്തെല്ലാം?
-കേരളത്തിലെ അവസ്ഥ.
-കേരളത്തെ നരകമാക്കിക്കൊണ്ടിരിക്കുന്നവർ ആരെല്ലാം?
-നരകത്തിൽനിന്നു രക്ഷപ്പെടാനുള്ള മാർഗങ്ങൾ
-എഡിറ്റോറിയലിന്റെ ഘടന, ഭാഷ
സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തൽ.